ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ
കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില: ₹17.00

## മാറിമറയുന്ന കാലാവസ്ഥ

16 മാർച്ച് 2020

കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

# യുറീക്ക






KSFE
# സുവർണ്ണ ജൂബിലി ചിട്ടികൾ 2019

## ചിട്ടിയിൽ ചേരൂ....
## സമ്മാനങ്ങളുമായി മടങ്ങൂ...



**ബംബർ സമ്മാനം***

**50** പവൻ സ്വർണ്ണം (ഒരാൾക്ക്)

അഥവാ പരമാവധി **12** ലക്ഷം രൂപ

**2-ാം സമ്മാനം***

**250** പവൻ സ്വർണ്ണം

ആകെ **50** പേർക്ക്

**3-ാം സമ്മാനം***

ചിട്ടിയിൽ ചേരുന്ന എല്ലാ ഇടപാടുകാർക്കും കെ എസ് എഫ് ഇ യുടെ പ്രത്യേക സുവർണ്ണ ജൂബിലി ഉപഹാരം

G.O.(Rt) No.428/2019/TAXES dt 18/06/2019


KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
CIN: U65923KL1969SGC002249

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
രജി. ഓഫീസ്: 'ഭദ്രത', മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Fax: 0487-2336232, email: mail@ksfe.com


grafcreative.in

2020
മാർച്ച് 16
വാല്യം: 41
ലക്കം: 20

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/EurekaFortnightly

കത്തുകളും രചനകളും അയയ്ക്കേണ്ട
വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

അറിവ് ആഹ്ലാദമാക്കിയ അമ്പത് വർഷങ്ങൾ

# യുറീക്ക

കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക
1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com

## ലേഖനങ്ങൾ

6. മാറിമറയുന്ന കാലാവസ്ഥ : ടി.ഗംഗാധരൻ
8. വനവും ജലവും : അബ്ദുൽ ഹമീദ് ഇ

## നോവൽ

32. ഭൂമിയിലെ നക്ഷത്രങ്ങൾ : പ്രേമജ ഹരീന്ദ്രൻ

## മത്സരം

28. കണ്ടുപിടിത്തം : പി.രാധാകൃഷ്ണൻ ആലുവീട്ടിൽ

## കഥ

12. കുഞ്ഞുണ്ണിയുടെ മീങ്കുഞ്ഞുങ്ങൾ : സുരേന്ദ്രൻ കാടങ്കോട്
16. ആകാശത്തിന്റെ നിറം : കെ.കെ.ഭാരതി
20. ഗുരുത്വാകർഷണത്തിന്റെ ഓരോരോ കളികളേ... : ശ്യാമിലി നാരായണൻ

## കവിത

11. കാറ്റിനെത്തേടി : അരുൺകുമാർ അന്നൂർ
15. പാട്ടിലെ പൂതം : രതീശൻ ചെക്കിക്കുളം
34. ചെള്ള് : വിചിത്ര അലാറമ്പിൽ



ചിത്രീകരണം: അരവിന്ദ് വട്ടംകുളം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

**ഓർമ – യുറീക്ക @ 50**

24. എന്റെ പ്രിയപ്പെട്ട റ്റാറ്റ : ഷാഹിന ഹബീബ്

**പംക്തികൾ**

18. ഞാറ്റടി
22. കാഴ്ചപ്പുറം
26. പദപ്രശ്നം
30. അടുക്കളപ്പുര
35. പീക്കിരി.ഇൻ
40. യു-മെയിൽ
42. ഒറിഗാമി
43. ഓരോരോന്നോരോന്ന്

**കവർ**

അരവിന്ദ് വട്ടംകുളം



വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.kssppublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം, കോഴിക്കോട്-673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.



**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ), എം ദിവാകരൻ (മാനേജിങ് എഡിറ്റർ), അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ-ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.


## മുഖക്കുറി

# അരങ്ങിന്റെ ലോകം

മുറിയിലെ ബഹളം കേട്ടാണ് മാമൻ അങ്ങോട്ട് എത്തിനോക്കിയത്. എല്ലാവരും മതിമറന്ന് ചിരിക്കുകയാണ്. ചിരിയുടെ പൊടിപൂരം. നാടക പരിശീലനത്തിന് ഒത്തുകൂടിയ സെറ്റാണ്. കൂടെ തനൂജ ടീച്ചറുമുണ്ട്. സ്കൂളിലെ എല്ലാ കാര്യത്തിന്റേയും മുൻപന്തിയിൽ ടീച്ചറുണ്ടാവും.

"എന്താ കാര്യം. അറിഞ്ഞാൽ എനിക്കും കൂടെ ചിരിക്കാമല്ലോ..."

ചിരികൊണ്ട് ആർക്കും ഒന്നും പറയാൻ പറ്റുന്നില്ല. ഞാൻ കാത്തിരുന്നു. "അയ്യോ മാമാ നാടകത്തിന്റെ റിഹേഴ്സലായിരുന്നേ." ടീച്ചർ പറഞ്ഞുതുടങ്ങി. പക്ഷേ, ചിരി കാരണം സംഭാഷണം തുടരാനാവാതെ ടീച്ചർ നിർത്തി.

"ഞാൻ പറയാം, ഞാൻ പറയാം മാമാ." നിഥിൽ ചാടി മുമ്പിലേക്ക് വന്നു. "ഈ വിജിഷ നാടകത്തിന്റെ ഡയലോഗ് പ്രോംപ്റ്റ് ചെയ്ത് തരികയായിരുന്നു. ഞങ്ങൾ റിഹേഴ്സൽ തുടങ്ങി.

അക്ബർ ചക്രവർത്തി: എന്ത്? ഇതൊന്നും നോക്കാൻ ഇവിടെ ആരുമില്ലെന്നോ..? ആരവിടെ?

അടിയൻ. ഒരു ഭടൻ ബ്രാക്കറ്റിൽ കുന്തവുമായി കടന്നു വരുന്നു എന്നു വായിച്ചു ഈ പൊട്ടത്തി." ചിരിക്കിടയിൽ അവനെങ്ങനെയോ പറഞ്ഞൊപ്പിച്ചു.

അപ്പോൾ അതാണ് കാര്യം. നാടകത്തിന്റെ സ്ക്രിപ്റ്റിലുള്ളത് അതേപടി വായിച്ചു പോയതാണ് വിജിഷ. അവൾ നാണിച്ച് നിൽക്കുകയാണ്. ബ്രാക്കറ്റിൽ കുന്തവുമായി വരുന്ന ഭടനെയോർത്ത് ഞാനും ചിരിയിൽ പങ്കുചേർന്നു. "ഉം... നാടകവുമായി ബന്ധപ്പെട്ട ഒത്തിരി ഒത്തിരി തമാശകളുണ്ട് തിരക്കില്ലാത്തപ്പോൾ ചിലത് ഞാൻ പറഞ്ഞു തരാം."

"ഏതായാലും യുറീക്കാമാമൻ വന്ന സ്ഥിതിക്ക് നിങ്ങടെ സംശയം അങ്ങോട്ട് ചോദിച്ചോളൂ. എന്നേക്കാൾ നന്നായി മാമനാണത് പറയാൻ കഴിയുക."

കുടുങ്ങിയോ. ടീച്ചറെന്തോ പ്രശ്നം എന്റെ തലയിലേക്കിടുകയാണല്ലോ.


"അതേ മാമാ.." തലയിലൊരു കടലാസു കിരീടവുമായി അക്ബർ ചക്രവർത്തിയുടെ വേഷത്തിൽ നിൽക്ക

ന്ന സുഭാഷ് എന്റെ നേരെ തിരിഞ്ഞു. "മാർച്ച് 27 നാടകദിനമാണത്രേ. അതേക്കുറിച്ചാണ് ഞങ്ങൾക്ക് അറിയേണ്ടത്."

പെട്ടെന്ന് എന്താണ് പറയുക. ഒരുനിമിഷം ആലോചിച്ച്, ഞാൻ പറഞ്ഞു തുടങ്ങി.

"നാടകം കാണാൻ ഇഷ്ടമില്ലാത്തവർ ആരെങ്കിലുമുണ്ടാവുമോ? സ്കൂളിൽ കലാമേളയ്ക്ക് നാടകം അവതരിപ്പിച്ച അനുഭവം കുറച്ച് കൂട്ടുകാർക്കേ ഉണ്ടാവൂ. എന്നാലോ അത് കണ്ട് ആനന്ദിച്ചവർ വളരെ കൂടുതലായിരിക്കും. പൊട്ടിച്ചിരിപ്പിച്ച രംഗങ്ങൾ, കണ്ണു നനയിച്ച രംഗങ്ങൾ, മനോഹരമായ ഗാനങ്ങളും നൃത്തവുമൊക്കെയുള്ള രംഗങ്ങൾ, മനസ്സിലേക്ക് തറച്ചു കയറുന്ന ചോദ്യങ്ങൾ ഉന്നയിച്ച രംഗങ്ങൾ... ഒരു നാടകമെന്ന പോലെ പലതും മനസ്സിലേക്ക് കടന്നുവരുന്നുണ്ടല്ലേ?

എന്തൊക്കെയാണ് നാടകമെന്ന് കേൾക്കുമ്പോൾ നിങ്ങളുടെ മനസ്സിലേക്ക് പെട്ടെന്ന് ഓടിയെത്തുന്നത്."



"നടന്മാർ, നടികൾ, അവരുടെ വേഷവിധാനങ്ങൾ, പ്രത്യേകം തയ്യാറാക്കിയ സ്റ്റേജ്, രംഗസജ്ജീകരണങ്ങൾ..." രമ്യ ലിസ്റ്റ് ചെയ്യാൻ തുടങ്ങി.

"നാടകങ്ങൾ പലതരമുണ്ടെന്ന് നിങ്ങൾക്കറിയാമോ? ചില പേരുകൾ കേട്ടോളൂ... സംഗീത നാടകം, ഏകാങ്കനാടകം, ചരിത്രനാടകം, ശാസ്ത്രനാടകം, നാടോടി നാടകം, നൃത്തനാടകം, പൊറാട്ട് നാടകം, ചവിട്ടു നാടകം, തെരുവു നാടകം, റേഡിയോ നാടകം, തനത് നാടകം, പരീക്ഷണ നാടകം, പാവനാടകം, കുട്ടികളുടെ നാടകം, രാഷ്ട്രീയ നാടകം. അമ്പമ്പോ എത്ര തരം!

ഒരുപാടു വർഷത്തെ ചരിത്രമുണ്ട് നാടകത്തിന്. മുവ്വായിരത്തഞ്ഞൂറ് വർഷങ്ങൾക്കു മുമ്പുവരെ നാടകങ്ങൾ അവതരിപ്പിച്ചിരുന്നുവത്രേ. ചിലപ്പോൾ അതിനുമുമ്പും ഉണ്ടാവാം. ഗ്രീസിലെ നാടകവേദി വളരെ പ്രസിദ്ധമായിരുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ ഷേക്സ്പിയർ എന്ന നാടകകൃത്തിന്റെ രചനകൾ ലോക പ്രസിദ്ധങ്ങളാണ്. ഇന്ത്യയിൽ സംസ്കൃതനാടകങ്ങളുടെ വളരെ വലിയ നിര തന്നെ രൂപം കൊണ്ടിട്ടുണ്ട്. കാളിദാസ മഹാകവിയേയും അദ്ദേഹത്തിന്റെ നാടകങ്ങളെക്കുറിച്ചുമൊക്കെ നിങ്ങൾ കേട്ടിട്ടുണ്ടോ?"


ടീച്ചറൊഴികെ എല്ലാവരും ഇല്ലെന്ന് തലയാട്ടി.

"നാടകം എന്നു പറഞ്ഞാൽ എന്താണെന്ന് ചോദിച്ചാലോ? നാടിന്റെ അകം തന്നെയാണ് എന്ന് ഉത്തരം പറയുന്നവരുണ്ട്. അതായത് നമ്മുടെ ജീവിതം തന്നെയാണ് അരങ്ങിൽ അവതരിപ്പിക്കുന്നത് എന്ന്. എല്ലാ കലകളും നാടകത്തിൽ ഒത്തുചേരുന്നു. ഒന്നും അതിന് അന്യമല്ല. അതുകൊണ്ടൊക്കെയാണ് കുട്ടികളുടെ പഠനത്തിൽ നാടകത്തിന് പ്രധാനപ്പെട്ട പങ്കുവഹിക്കാൻ കഴിയുമെന്ന് പറയുന്നത്. സാമൂഹ്യവിമർശനത്തിന് നാടകം പോലെ പ്രയോജനപ്പെട്ട ഒരു കലാരൂപം വേറെ ഉണ്ടോ എന്നറിയില്ല. അതിലുപരി മനുഷ്യർ തമ്മിലുള്ള സാഹോദര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും പ്രാധാന്യം ചൂണ്ടിക്കാട്ടുന്നു അത്.

നാടകദിനത്തെക്കുറിച്ചല്ലേ നിങ്ങൾക്ക് അറിയേണ്ടത്. ശരിക്കും നാടകദിനമല്ല, തിയേറ്റർ ഡേ ആണത്. നാടകമടക്കമുള്ള എല്ലാ രംഗകലകളുടെയും ദിനമാണത്. 1948ൽ പാരീസിൽവെച്ച് യുനെസ്കോയുടെ നേതൃത്വത്തിൽ രൂപം നൽകിയ അന്തർദേശീയ തിയേറ്റർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിലാണ് 1962 മുതൽ ലോക നാടകദിനം ആചരിച്ചുവരുന്നത്. രംഗകലാരംഗത്തെ അറിവുകളും പ്രയോഗങ്ങളും പരസ്പരം പങ്കുവെക്കാനും അതുവഴി ആ രംഗത്തു പ്രവർത്തിക്കുന്നവരുടെ സൗഹൃദം വളർത്താനുമാണ് ഈ ദിനാചരണം.

ഇതിനെക്കുറിച്ചൊക്കെ ഒരുപാടു കാര്യങ്ങൾ പറയാനുണ്ട്. അത് നമുക്ക് പിന്നീട് വിശദമായി പറയാം. ഇപ്പോൾ നിങ്ങളുടെ റിഹേഴ്സൽ നടക്കട്ടെ. മാമൻ മെല്ലെ രംഗത്തുനിന്ന് പുറത്തേക്ക് കടന്നു.

**യുറീക്കാമാമൻ**




ടി. ഗംഗാധരൻ

ചിത്രീകരണം: കെ.സതീഷ്

ജർമനിയിൽ നിന്ന് അയച്ചു കിട്ടിയ പേരക്കുട്ടിയുടെ ഫോട്ടോ കാണാൻ നല്ല രസം. നല്ല കട്ടി ജാക്കറ്റും കമ്പിളിക്കാലുറയും കൈയുറയും കുരങ്ങൻ തൊപ്പിയും. തൊപ്പിക്കകത്ത് മുഴുവൻ രോമാവരണം. വീട്ടിനകത്ത് ഓരോ മുറിയിലും റൂം ഹീറ്റർ. മൊത്തത്തിൽ തണുപ്പിനെതിരെയുള്ള യുദ്ധം തന്നെ. യൂറോപ്പിൽ ഇപ്പോ നല്ല തണുപ്പുകാലാത്രെ. മരങ്ങളൊക്കെ ഇലപൊഴിച്ച് തടിയും കൊമ്പുകളും ചില്ലകളും മാത്രമായി വിറങ്ങലിച്ചു നിൽക്കുന്നു. പട്ടിക്കും കുതിരയ്ക്കുമൊക്കെയുണ്ട് ചൂട്ടു കുപ്പായം.

ആസ്ത്രേലിയയിൽ നിന്ന് അനിയൻ അയച്ചു തന്ന ഫോട്ടോകളിലെല്ലാം പേടിപ്പെടുത്തുന്ന കാട്ടുതീ. നൂറുകണക്കിന് സ്ഥലങ്ങളിലാത്രേ അവിടെ, ബുഷ് ഫയർ എന്നു വിളിക്കുന്ന കാട്ടുതീ. വീശിയടിക്കുന്ന കാറ്റിൽ അതിവേഗം പടരുന്ന തീ കാണുമ്പോൾ, പേടിതന്നെ, പേടി. കങ്കാരുക്കളും കൊയോലകളുമൊക്കെ വെന്ത് ചത്തുമലച്ചു കിടക്കുന്ന നൊമ്പരക്കാഴ്ചകൾ. രണ്ട് ദിവസം കഴിയുമ്പോഴതാ ആസ്ത്രേലിയയിൽ, എന്തത്ഭുതം, നിലയ്ക്കാത്ത പെരുമഴ. ഇതാണ് കാലാവസ്ഥയുടെ പ്രത്യേകത. ഒരേ സമയത്ത് തന്നെ, ഭൂമിയുടെ ഓരോരോ ഭാഗത്ത് വ്യത്യസ്തമാണ് കാലാവസ്ഥ. നമ്മുടെ ജീവിതത്തെ ഇത്രയേറെ



# മാറിമറയുന്ന കാലാവസ്ഥ






സ്വാധീനിക്കുന്ന ഘടകങ്ങൾ കുറവ് തന്നെ. മഴ, കാറ്റ്, ചൂട്, തണുപ്പ് ഇവയൊക്കെ ചേർന്നതാണ് കാലാവസ്ഥ. കടലോരത്തും മലമുകളിലും മരുഭൂമിയിലുമൊക്കെ വ്യത്യസ്തമാണ് കാലാവസ്ഥ.

എങ്ങനെയാണ് കാലാവസ്ഥ മാറി വരുന്നത്? എന്താണതിനടിസ്ഥാനം? നമുക്ക്, കേരളീയർക്ക് കമ്പിളിക്കുപ്പായം ആവശ്യമില്ലാത്തത് എന്തുകൊണ്ട്? ഹിമാലയത്തിൽ എപ്പോഴും മഞ്ഞുമൂടിക്കിടക്കുന്നത് എന്തുകൊണ്ട്? മരുഭൂമികളിൽ മറ്റിടങ്ങളിലെക്കാൾ ചൂട് കൂടിയിരിക്കുന്നത് എന്തുകൊണ്ട്? ഇത്തരം ചോദ്യങ്ങൾ ഉള്ളിലുയരുമ്പോഴാണ് നാം

കാലാവസ്ഥയെക്കുറിച്ച് പഠിക്കാൻ തുടങ്ങുന്നത്.

സൂര്യനോടുള്ള അടുപ്പവും അകലവുമാണ് ഭൂമിയിലെ കാലാവസ്ഥയെ നിർണയിക്കുന്ന പ്രധാന ഘടകം. എസ്കിമോകൾ വസിക്കുന്ന ആർട്ടിക്ക് പ്രദേശത്ത് എപ്പോഴും തണുപ്പാണെന്ന് അവരുടെ രോമക്കുപ്പായം കണ്ടാലറിയാലോ. നമ്മുടെ നാട്ടിലെ തുണിക്കടകളിൽ ധാരാളം പരുത്തിക്കുപ്പായങ്ങൾ വിൽക്കാൻ വച്ചിരിക്കുന്നതും ഇതേ കാരണം കൊണ്ടു തന്നെ. ഭൂമധ്യരേഖയ്ക്കടുത്ത പ്രദേശങ്ങളിലാണ് കൂടുതൽ മാസങ്ങളിൽ ചൂടനുഭവപ്പെടുക. ഇവിടെത്തന്നെയാണ് മഴയും കൂടുക. ഭൂമധ്യരേഖയിൽ നിന്ന് അകന്നു പോകുന്തോറും ചൂടുള്ള മാസങ്ങൾ കുറഞ്ഞു വരും.

കാലങ്ങളുടെ പേര് നിങ്ങൾ കേട്ടിരിക്കും – വേനൽക്കാലം, വർഷകാലം എന്നിങ്ങനെ. കാലം മാറുമ്പോൾ അതിനൊപ്പം എന്തൊക്കെ എന്തൊക്കെ മാറ്റങ്ങളാ വരുന്നത്! വസ്ത്രധാരണം, ഭക്ഷണം, ആഘോഷങ്ങൾ ഇവയിലൊക്കെ വരും മാറ്റങ്ങൾ. കേരളത്തിലെ മഴക്കാല അനുഭവങ്ങൾ ഓർമിച്ചു നോക്കൂ. എല്ലാരുടെ കൈയിലും കാണും കുട. തുകൽച്ചെരുപ്പ് മാറ്റി, വെള്ളം തട്ടിയാലും കേടുവരാത്ത ചെരുപ്പ് വാങ്ങും. അക്കാലത്താണല്ലോ എല്ലായിടത്തും വള്ളംകളി നടക്കുക. പണ്ട്, കർക്കിടക മാസത്തിൽ ഉലുവക്കഞ്ഞി, കർക്കിടകക്കഞ്ഞി, മരുന്നുകഞ്ഞി എന്നൊക്കെ



വിളക്കുന്ന കഞ്ഞി മിക്ക വീടുകളിലുമുണ്ടാകുമായിരുന്നു. എല്ലാ നാടുകളിലും ഇങ്ങനെ കാലാവസ്ഥയ്ക്ക് പറ്റിയ വസ്ത്രവും ഭക്ഷണവും ആഘോഷങ്ങളുമൊക്കെ കാണും.

കാലാവസ്ഥയിൽ മാറ്റം വരുമ്പോൾ ജീവിതം തന്നെ മാറും. തൊഴിൽ മാറും. കൃഷിചെയ്യുന്ന വിളകൾ മാറും. വീടിന്റെ രൂപം മാറും. അങ്ങനെയങ്ങനെ. നമ്മുടെ പഴയ വീടുകൾക്കെല്ലാം ചെരിഞ്ഞ മേൽക്കൂരയായത് എങ്ങനെയെന്ന് ആലോചിച്ചു നോക്കൂ.

കാലാവസ്ഥയിലെ അസാധാരണ മാറ്റം (കാലാവസ്ഥാ വ്യതിയാനം) ലോകത്തെല്ലായിടത്തും ചൂടേറിയ ചർച്ചയാണിന്ന്. കാലം തെറ്റി മഴ പെയ്യുക, സാധാരണയിൽ കവിഞ്ഞ ചൂടനുഭവപ്പെടുക, കൊടുങ്കാറ്റും പേമാരിയുമൊക്കെ ഇടയ്ക്കിടെ ഉണ്ടാവുക, ഇതൊക്കെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലങ്ങളാണത്രെ. അന്തരീക്ഷവായുവിൽ കാർബൺ ഡയോക്സൈഡ് പോലുള്ള ഹരിതഗൃഹ വാതകങ്ങളുടെ അളവ് കൂടുന്നതാണത്രെ ഇതിനു കാരണം. അത് കുറച്ചില്ലെങ്കിൽ ജീവിതം ദുസ്സഹമാവുമെന്നാണ് അറിവുള്ളവർ പറയുന്നത്. ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളുന്നത് എങ്ങനെയൊക്കെ കുറയ്ക്കാം എന്നതാണ് കാലാവസ്ഥാ ദിനത്തിൽ നമ്മളൊക്കെ ആലോചിക്കേണ്ടത്.

## ക്ലൈമറ്റും വെതറും

ഇംഗ്ലീഷിൽ ക്ലൈമറ്റ് എന്നും വെതർ എന്നും പറയുന്നതിന് മലയാളത്തിൽ കാലാവസ്ഥ എന്നാണ് നമ്മൾ പൊതുവേ പറയാറ്. എന്നാൽ ഇത് രണ്ടും ഒന്നല്ല. ഭൂമിയുടെ അന്തരീക്ഷത്തിലെ മാറ്റങ്ങളെയാണ് ക്ലൈമറ്റ് എന്ന് പറയുന്നത്. ഒരു പ്രത്യേക കാലഘട്ടത്തെ ചൂടുള്ളത് തണുപ്പുള്ളത് എന്നൊക്കെ. എന്നാൽ ഓരോ ദിവസവും താപനിലയിൽ സംഭവിക്കുന്ന മാറ്റങ്ങളെയോ മഴയേയോ ഒക്കെ സൂചിപ്പിക്കാനാണ് വെതർ എന്ന് പറയുന്നത്. ഇതിനെ ദിനാന്തരീക്ഷസ്ഥിതി എന്നാണ് പറയാറ്. (ഇതിന് പകരം മികച്ച ഒരു വാക്ക് തോന്നുന്നുണ്ടോ. ഉണ്ടെങ്കിൽ യുറീക്കയെ അറിയിക്കൂ.)

മാർച്ച് { 21 – ലോക വനദിനം
22 – ലോക ജലദിനം





# വനവും ജലവും

അബ്ദുൽഹമീദ് ഇ

ചിത്രീകരണം: കെ.സതീഷ്




'കാട് പിന്നീടാണ് പെയ്യുക' എന്ന ചൊല്ല് കൂട്ടുകാർ കേട്ടിട്ടുണ്ടാവുമല്ലോ. കാടിന്റെ പ്രധാന ധർമങ്ങളിൽ ഒന്നാണ്, പെയ്യുന്ന മഴയെ താൽക്കാലികമായി തടയുക എന്നത്. മരങ്ങളുടെ ഇലകളും തണ്ടുകളും ചില്ലകളും ശാഖകളും മഴവെള്ളത്തിന്റെ ശക്തിയായ പതനത്തെ തടഞ്ഞ് ജലകണങ്ങളുടെ താഴോട്ടുള്ള സഞ്ചാരത്തെ മന്ദഗതിയിലാക്കുന്നു.

മഴപെയ്യുമ്പോൾ ഓടിച്ചെന്ന് മരച്ചുവട്ടിൽ നിന്നാൽ മഴ കൊള്ളില്ല. മഴ തുടർച്ചയായി പെയ്തുകൊണ്ടിരുന്നാലോ? പിന്നെ അവിടെ നിന്നിട്ട് കാര്യമില്ല. നിന്നാൽ നനഞ്ഞ് കുതിർന്നത് തന്നെ! മഴ പെയ്തു കഴിഞ്ഞാലോ മരം പെയ്യാൻ തുടങ്ങും. ഇലകളും ചില്ലകളും പിടിച്ചുനിർത്തിയ വെള്ളം ഒലിച്ചിറങ്ങാൻ തുടങ്ങും. 'മഴ തോർന്നാലും മരം പെയ്യും' എന്ന ചൊല്ലും അങ്ങനെയുണ്ടായതാണ്.

മണ്ണിലേക്ക് നേരിട്ട് പതിക്കുന്ന മഴത്തുള്ളികളുടെ ശക്തികൊണ്ട് മൺതരികൾ ഇളകി മറിയുകയും മണ്ണൊലിപ്പിന് കാരണമാവുകയും ചെയ്യുന്നു. മഴത്തുള്ളികളുടെ വലിപ്പമനുസരിച്ച് അതിന്റെ പതനോർജം കൂടിയിരിക്കും. ഈ ഊർജത്തെ ശിഥിലമാക്കാനും അതിന്റെ ആഘാതം കുറയ്ക്കാനും മരങ്ങൾ സഹായിക്കുന്നു.

## വറ്റാത്ത ഉറവകൾ

കുറ്റിക്കാടുകളുടെയും വൃക്ഷങ്ങളുടെയും വലിപ്പച്ചെറുപ്പമനുസരിച്ച് രൂപംകൊണ്ടിട്ടുള്ള വനങ്ങളുടെ തട്ടുതട്ടായ മേലട്ടി (കനോപി) മഴവെള്ളത്തെ പല തട്ടിലായി സ്വീകരിച്ച് പതിയെ വനമണ്ണിലേക്ക് താഴ്ത്തുന്നു. വനത്തിനടിയിൽ ഒരു സ്പോഞ്ച് പോലെ പ്രവർത്തിക്കുന്ന ക്ലേദം (ഹ്യൂമസ്) മഴവെള്ളത്തെ ആഗിരണം ചെയ്യുന്നു. സസ്യങ്ങളുടെയും ജന്തുക്കളുടെയും അവശിഷ്ടങ്ങൾ അഴുകിച്ചേർന്നു പരുവപ്പെട്ടിട്ടുള്ള ഈ ക്ലേദം പോഷകമുള്ളതും അനേകം കീടങ്ങൾക്കും പ്രാണികൾക്കും അഭയം നൽകുന്ന ഇടവുമാണ്. അടിക്കാടുകൾ തഴച്ചുവളരാൻ ഇവ സഹായിക്കുന്നു. ക്ലേദമടങ്ങിയ വനമണ്ണ് പിടിച്ചുവെച്ചിട്ടുള്ള വെള്ളം ക്രമേണ നീർച്ചാലുകളിലേക്കും അരുവികളിലേക്കും എത്തിച്ചേരുന്നു. വനം പ്രദാനം ചെയ്യുന്ന ഈ വെള്ളത്തെ വഹിച്ചുകൊണ്ടൊഴുകുന്ന നൂറുകണക്കിന് അരുവികൾ പുഴകളെ പുഷ്ടിപ്പെടുത്തുകയും വേനൽക്കാലത്തുൾപ്പെടെ നീരൊഴുക്ക് നിലനിർത്തുകയും ചെയ്യും.



## കാടിന്റെ ജല ധർമങ്ങൾ

ഭൂമിയുടെ കാലാവസ്ഥയെ നിയന്ത്രിക്കുന്നതിനും ജല പരിവൃത്തിയെ നിലനിർത്തുന്നതിനും ഒഴിച്ചുകൂടാനാവാത്ത പരിസ്ഥിതി വ്യൂഹങ്ങളാണ് കാടുകൾ. ഭൂമിയുടെ പരിസ്ഥിതി സംരക്ഷിക്കപ്പെടണമെങ്കിൽ ഭൂവിസ്തൃതിയുടെ മൂന്നിൽ ഒരു ഭാഗമെങ്കിലും (33%) കാടുകൾ ഉണ്ടായിരിക്കണമെന്നാണ് വിവക്ഷ. ഇപ്പോൾ ഭൂമിയിൽ അവശേഷിക്കുന്ന കാടുകൾ 26 ശതമാനം മാത്രമാണ്. വനവിസ്തൃതിയിൽ വരുന്ന കുറവ് ജലപരിസ്ഥിതിയെയും ജലസമ്പത്തിനെയും ബാധിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

എവിടെയെല്ലാം വനനശീകരണം നടന്നിട്ടുണ്ടോ അവിടെയെല്ലാം പുഴകൾ മെലിയുകയും വേനലോടെ വരണ്ട് പോവുകയും ചെയ്യുന്നത് അനുഭവവേദ്യമായ കാഴ്ചയാണ്. പുഴകളുടെ ഉൽഭവസ്ഥാനങ്ങളിൽ കാടുകൾ ഇല്ലാതായാൽ വെള്ളപ്പൊക്കമുണ്ടാകാനും മണ്ണും അവസാദങ്ങളും ഒലിച്ചുവന്നു പുഴ മൂടിപ്പോകാനും കാരണമാകുന്നു. കാട് നശിച്ചാൽ പുഴകൾ ഇല്ലാതാകും. പുഴകൾ പോഷിപ്പിക്കുന്ന കുളങ്ങളും ചിറകളും കിണറുകളും വരളും. തത്ഫലമായി കൃഷിയിടങ്ങളും ഉണങ്ങും. വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിലും ഉരുൾപൊട്ടൽ പോലുള്ള പ്രകൃതിദുരന്തങ്ങൾ തടയുന്നതിലും കാടുകൾ വഹിക്കുന്ന പങ്ക് എത്ര വലുതാണ്! വരൾച്ചാ കെടുതികൾ ലഘൂകരിക്കുന്നതിലും കാടുകൾ അതിന്റേതായ ധർമങ്ങൾ നിർവഹിക്കുന്നു.


### വന- ജല വിജ്ഞാനീയം

ജലപരിവൃത്തിയിൽ കാടുകൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ് 'വന- ജല വിജ്ഞാനീയം' അഥവാ ഫോറസ്റ്റ് ഹൈഡ്രോളജി. തൃശ്ശൂരിലെ പീച്ചിയിൽ സ്ഥിതിചെയ്യുന്ന കേരള വന ഗവേഷണ കേന്ദ്രം ഈ രംഗത്ത് ആധികാരികമായ പഠനങ്ങൾ നടത്തിവരുന്നു.




✷

# കാറ്റിനെത്തേടി



**അരുൺ കുമാർ അന്നൂർ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

മഞ്ഞ് പൊഴിയുന്ന കാലം
മനസ്സിലും മുത്തു പൊഴിയുന്ന കാലം
ചേട്ടനുമൊത്തു ഞാൻ ചെമ്പകപ്പൂമര–
ച്ചോട്ടിലിരുന്നു പാടുമ്പോൾ
മുക്കുറ്റിപ്പൂവിനെ നുള്ളിനോവിച്ചുംകൊ–
ണ്ടാവഴി കാറ്റൊന്നു പോയി
കാറ്റിനെയെത്തിപ്പിടിക്കുവാൻ കൈനീട്ടി
ഞങ്ങളും കൂടങ്ങ് പോയി

പാടങ്ങൾ കണ്ടു, പുഴ കണ്ടു പൈങ്കിളി
പാട്ടു പാടും മലർത്തോപ്പു കണ്ടു
കാവുകണ്ടു, കാവിൽ വേല കണ്ടു, ചാരെ
നീലാമ്പൽപ്പൊയ്കയും ഞങ്ങൾ കണ്ടു



മാനത്തു മുട്ടുന്ന കെട്ടിടങ്ങൾ കണ്ടു
ദീപങ്ങൾ നൃത്തമാടുന്ന കണ്ടു
കാഴ്ചകൾ കണ്ടു മടുത്തപ്പോൾ ഞങ്ങളാ
ചെമ്പകച്ചോട്ടിൽ തിരികെവന്നു

കാറ്റിനെ കണ്ടില്ല; കാഴ്ചകൾ കണ്ടവൻ
മറ്റൊരു കാഴ്ചയായ് മാറിപ്പോയോ?

സുരേന്ദ്രൻ കാടങ്കോട്

ചിത്രീകരണം: കെ.സതീഷ്

# കുഞ്ഞുണ്ണികുടെ മീങ്കുഞ്ഞുങ്ങൾ



മഴ തോർന്ന നേരം. കുഞ്ഞുണ്ണിയും അനസും വയൽ മുറിച്ചുപോകുന്ന ചാലിനടുത്തെത്തി. മഴവെള്ളത്തോടൊപ്പം പരൽമീനുകൾ ഒഴുകുന്ന ചാല്. അത് അവസാനിക്കുന്നത് വലിയ ഒരു കുളത്തിലാണ്. നിറയെ മീനുകളുണ്ടതിൽ.

കുഞ്ഞുണ്ണി വീട്ടുമുറ്റത്തേക്ക് എത്തിനോക്കി. ഭാഗ്യം! മുറ്റത്താരുമില്ല. അവൻ കുപ്പായത്തിനുള്ളിൽ ഒളിപ്പിച്ച തോർത്തുമുണ്ട് പുറത്തെടുത്തു. അനസ് വലിയൊരു പ്ലാസ്റ്റിക് കുപ്പി കൊണ്ടുവന്നിട്ടുണ്ട്.

അവർ ചാലിലിറങ്ങി. തലയിൽ വെള്ളപ്പൊട്ടുള്ള കണ്ണിച്ചാനും വെള്ളിക്കഷണങ്ങൾ പോലുള്ള പുല്ലൻകുഞ്ഞുങ്ങളും തലങ്ങും വിലങ്ങും കൂട്ടത്തോടെ പായുന്നു. അവർ തോർത്തുമുണ്ടിന്റെ രണ്ടറ്റവും പിടിച്ചു. മീങ്കുഞ്ഞുങ്ങളെ കോരിയെടുത്തു. ഒട്ടുമിക്കതും വെള്ളത്തിലേക്കുതന്നെ തുള്ളി. അഞ്ചാറെണ്ണം അവരുടെ പിടിയിലായി. അനസ് കുപ്പിയിൽ പകുതിയോളം വെള്ളമെടുത്തു. കുഞ്ഞുണ്ണി, മീനുകളെ ഓരോന്നായി കുപ്പിയിലേക്കിട്ടു. തോർത്തുമുണ്ട് പിഴിഞ്ഞ് അരയിൽക്കെട്ടി.

"വാ, പോകാം." കുഞ്ഞുണ്ണി ധൃതിവച്ചു. അച്ഛൻ കണ്ടാൽ രണ്ട് പൊട്ടിക്കുമെന്ന് അവനുറപ്പുണ്ട്.

ബാപ്പയുടെ നീട്ടിയുള്ള വിളികേട്ട് അനസ് കുപ്പി കുഞ്ഞുണ്ണിയെ ഏൽപ്പിച്ച് വയൽവരമ്പിലൂടെ എൺപതിൽ വിട്ടു!

അമ്മ കണ്ടാൽ അച്ഛനറിയുമല്ലോ... എന്താ ഒരു വഴി? കുഞ്ഞുണ്ണി ആലോചിച്ചു. പിന്നെ സാവധാനം ചായ്പ്പിലേക്ക് നടന്നു. അവിടെയൊരു മൂലയിൽ കുപ്പി വച്ചു.

വൈകീട്ട് ഉപ്പുമാവ് കഴിക്കുമ്പോഴാണ് അവൻ ഓർത്തത്– അയ്യോ.. മീങ്കുഞ്ഞുങ്ങൾക്ക് തിന്നാനൊന്നും കൊടുത്തില്ലല്ലോ.

കുഞ്ഞുണ്ണി തൈത്തടത്തിൽ കമ്പുകൊണ്ട് കിളയ്ക്കാൻ തുടങ്ങി. അവന്റെ പ്രതീക്ഷ തെറ്റിയില്ല. ഒരു മണ്ണിരയെ വലിച്ചെടുത്ത് കഷണങ്ങളാക്കി ചായ്പ്പിലേക്കോടി. തിരിച്ചിറങ്ങുമ്പോൾ മുറ്റത്തതാ അച്ഛൻ!

"എന്താടാ ഒരു കള്ളത്രാണം? പോ... വേഗം കുളിച്ചു വാ."


അച്ഛന്റെ സ്വഭാവമിതാണ് – വികൃതി കാണിച്ചാൽ അന്നേരം പിടിച്ച് പൊട്ടിക്കില്ല. രാത്രി കിടക്കാൻ നേരത്താണ് കലാപരിപാടി. ഇന്നത്തെ രാത്രി കുശാലായി. കുഞ്ഞുണ്ണി അറിയാതെ ചന്തി തടവി.

രാത്രി ഭക്ഷണം കഴിച്ച് അച്ഛൻ കുഞ്ഞുണ്ണിയെ വിളിച്ചു. അവൻ പേടിയോടെ അച്ഛന്റെയടുത്തേക്ക് വന്നു. അച്ഛൻ കിടക്കുകയാണ്.

"വാ... നീയിവിടെ കിടക്ക്. ഞാനൊരു കഥ പറയാം." കുഞ്ഞുണ്ണി ആശ്ചര്യപ്പെട്ടു. ഇല്ല, അച്ഛനൊന്നും അറിഞ്ഞിട്ടില്ല!

അച്ഛൻ കഥ പറയാൻ തുടങ്ങി. കുമ്മാട്ടി എന്ന സിനിമയുടെ കഥയാണ്.

"ആരമ്പത്തീരമ്പത്തുരമ്പത്ത്..." എന്ന പാട്ടു പാടി കുമ്മാട്ടിയായ അപ്പൂപ്പൻ വരികയാണ്, ചിണ്ടൻ എന്ന കുട്ടിയുടെ ഗ്രാമത്തിലേക്ക്. ചിണ്ട



നും കൂട്ടുകാരും കുമ്മാട്ടിയുമായി ചങ്ങാത്തത്തിലായി. മൃഗങ്ങളുടെയും പക്ഷികളുടെയും മുഖംമൂടി അണിഞ്ഞ്, പാട്ടുംപാടി ആട്ടമാടുന്ന കുട്ടികളെ കുമ്മാട്ടി മൃഗങ്ങളും പക്ഷികളുമാക്കി മാറ്റി. അവർ സന്തോഷത്തോടെ തുള്ളിയും പറന്നും കളിച്ചുകൊണ്ടിരുന്നു. ചിണ്ടൻ ഒരു നായയാണ് ആയത്.

പെട്ടെന്ന് അവർക്കിടയിലേക്ക് ഒരു നായ വന്നു. അത് നായയായ ചിണ്ടനെ കണ്ടു. അത് ചിണ്ടനുനേർക്ക് നാക്കുനീട്ടി, പല്ലുകാട്ടി മുരണ്ടുകൊണ്ട് അടുത്തു. ചിണ്ടന് പേടിയായി. അവൻ ഓടി. നായ പിന്നാലെയോടി. അത് ചിണ്ടനെ ദൂരേക്കു ദൂരേയ്ക്ക് ഓടിച്ചു.

ഇതൊന്നും കുമ്മാട്ടിയോ കൂട്ടുകാരോ അറിഞ്ഞില്ല.

"അയ്യോ.. എന്നിട്ട്?" കുഞ്ഞുണ്ണി ജിജ്ഞാസുവായി.

കുമ്മാട്ടി കുട്ടികൾക്ക് മനുഷ്യരൂപം തിരിച്ചുനൽകി. മുഖംമൂടികൾ വാങ്ങി, പാട്ടും പാടി മറ്റൊരു നാട്ടിലേക്കു യാത്രയായി. കുട്ടികൾ സന്തോഷത്തോടെ വീടുകളിലേക്ക് തിരിച്ചു. എന്നാൽ ചിണ്ടനോ..?


"പാവം ചിണ്ടൻ! അവന് രൂപം തിരിച്ചുകിട്ടിയില്ലല്ലോ..." കുഞ്ഞുണ്ണിക്ക് വ്യസനമായി.

അതെ, നായയായ ചിണ്ടൻ ഒരു നഗരത്തിലെത്തി. അവിടെ ഒരു വീട്ടുകാർ അവനെ കൂട്ടിലിട്ടു. ദിവസങ്ങൾ കഴിഞ്ഞു. ചിണ്ടന് തീരെ വയ്യാണ്ടായി. അവർ അവനെ വിട്ടയച്ചു. ചിണ്ടൻ തന്റെ നാട്ടിലേക്കോടി. വീട്ടിലെത്തി. വീട്ടിലെ തത്ത അവനെ തിരിച്ചറിഞ്ഞു. അമ്മയും അനുജത്തിയും തിരിച്ചറിഞ്ഞു. അമ്മ അവനെ കോരിയെടുത്ത് ഉമ്മ കൊടുത്തു. പാത്രത്തിൽ കഞ്ഞികൊടുത്തു. ചിണ്ടൻ നക്കി നക്കി കുടിച്ചു.

"അച്ഛാ... ചിണ്ടന് മനുഷ്യരൂപം കിട്ടാൻ എന്താ വഴി?" കുഞ്ഞുണ്ണി സങ്കടത്തോടെ ആരാഞ്ഞു.

"ഒരു വഴിയേയുള്ളൂ ആ കുമ്മാട്ടി വരണം." അച്ഛൻ കഥ തുടർന്നു.

ഋതുക്കൾ മാറി വന്നു. ചിണ്ടന് എവിടേയും പോകാൻ പറ്റാതായി. കൂട്ടുകാരൊന്നിച്ച് കളിക്കാനോ സ്കൂളിൽ പോകാനോ കഴിയില്ലല്ലോ. ഒരു ദിവസം ചിണ്ടൻ വീട്ടുമുറ്റത്ത് കിടക്കുമ്പോൾ ദൂരേനിന്ന് ആ





പാട്ടുകേട്ടു."ആരമ്പത്തീരമ്പത്തുരമ്പത്ത്..."

അവൻ ചാടിയെഴുന്നേറ്റ് ശരവേഗത്തിലോടി. അതേ, അത് നമ്മുടെ കുമ്മാട്ടിയായിരുന്നു. ചിണ്ടൻ കുമ്മാട്ടിയുടെ കാൽക്കൽ വീണു.

"മോനേ..ചിണ്ടാ..!"കുമ്മാട്ടി അവനെ തിരിച്ചറിഞ്ഞു. അവനെ കെട്ടിപ്പിടിച്ച് ഉമ്മ കൊടുത്തു. ഉടനെ ചിണ്ടന് മനുഷ്യരൂപം കിട്ടി.

"ഹായ് ..!" കുഞ്ഞുണ്ണി കൈയ്യടിച്ചു.

ചിണ്ടൻ വീട്ടിലേക്കോടി. വീട്ടിലെത്തിയ ചിണ്ടൻ ആദ്യം ചെയ്തതെന്താണെന്നറിയാമോ? ചിണ്ടൻ കൂട് തുറന്ന് തന്റെ തത്തയെ കൈയ്യിലെടുത്ത് മുറ്റത്തേക്കിറങ്ങി. അതിനെ ആകാശത്തേക്ക് പറത്തിവിട്ടു. അത് പറന്നു പറന്ന് ആകാശത്തുള്ള പറവക്കൂട്ടത്തിലൊന്നായി ചേരുന്നത് ചിണ്ടൻ നോക്കിനിന്നു.

"എന്തുകൊണ്ടാണ് ചിണ്ടൻ തന്റെ തത്തയെ വിട്ടയച്ചത്?" കഥ അവസാനിപ്പിച്ച് അച്ഛൻ കുഞ്ഞുണ്ണിയോട് ചോദിച്ചു.

"കൂട്ടിലിട്ട തത്തയുടെ അവസ്ഥ നായയായിരുന്നപ്പോൾ ചിണ്ടന് മനസ്സിലായി. അതുകൊണ്ടല്ലേ.."

"അതേ..മോനേ... സ്വാതന്ത്ര്യത്തിന്റെ വില എത്ര വലുതാണെന്നോ!"

നേരമേറെയായിട്ടും കുഞ്ഞുണ്ണിക്ക് ഉറക്കം വന്നില്ല. കൂട്ടിലിട്ട ചിണ്ടന്റെ രൂപം മനസ്സിൽനിന്ന് പോകുന്നേയില്ല. പെട്ടെന്ന് ആ കൂട് ഒരു കുപ്പിയാകുന്നതും ചിണ്ടൻ മീങ്കുഞ്ഞുങ്ങളായി മാറുന്നതും ഞെട്ടലോടെ അവൻ കണ്ടു. അവൻ ചാടിയെണീറ്റു. വിയർത്തു. തിരിഞ്ഞും മറിഞ്ഞും കിടന്ന് അവൻ നേരം വെളുപ്പിച്ചു.

പതിവിലും നേരത്തെ എണീറ്റ് അവൻ ചായ്പ്പിലേക്ക് പോയി. കുപ്പിയെടുത്ത് ചാലിലേക്കോടി. തെളിഞ്ഞ ചാലിലേക്ക് അവൻ മീങ്കുഞ്ഞുങ്ങളെ ഒഴുക്കിവിട്ടു. അവ മീൻപറ്റത്തിലേക്ക് തുഴഞ്ഞു നീങ്ങുന്നത് കുഞ്ഞുണ്ണി നോക്കിനിന്നു. അവന്റെ മുഖം പ്രസന്നമായി. അപ്പോൾ ഒരു ചാറ്റൽമഴ അവനെ തഴുകി.

# പാട്ടിലെ പൂതം

**രതീശൻ ചെക്കിക്കുളം**

ചിത്രീകരണം: കെ.സതീഷ്





പാട്ടിലെ പൂതം   പുറത്തിറങ്ങി
നാട്ടിലൂടൊന്നു   കറങ്ങിനോക്കി...
പണ്ടത്തെയുണ്ണികൾ പട്ടം പറപ്പിച്ച
മുണ്ടകപ്പാടങ്ങൾ കണ്ടതില്ല...
കള്ളനും പോലീസുമൊറ്റിക്കളിക്കുന്ന
കുണ്ടനിടവഴി  താണ്ടിയില്ല..
കുട്ടിയും കോലും കളിക്കുന്ന മുറ്റവും
കറ്റ മെതിക്കുന്ന കളവുമില്ല...
കബഡിയും സോഡിയും കക്കുമില്ല...
പച്ച പിടിക്കുവാനൊന്നുമില്ല.

കൊട്ടുവെക്കാൻ പാഞ്ഞടുക്കുന്ന കോട്ടിയെ
പറ്റിക്ക'മൊട്ടേക്ക്' ' വിളികളില്ല...
ആടിമാസം ചെണ്ടകൊട്ടിക്കരയുന്ന
പട്ടിണിപ്പാട്ടിന്റെ താളമില്ല..

നൊട്ടയും നൊണയും ചവച്ച തുപ്പും
നാട്ടുകോലായയും  നടയുമില്ല..
തറവാട്ടുമഹിമയും  കുളവുമില്ല
കളരിയും ചുവടും കരുത്തുമില്ല
തൊടിയിലെ പുളിമരത്തണലുമില്ല
ഉമ്മറത്താടുന്ന ചൂരൽക്കസേരയിൽ
മൂത്തുനരച്ചവരാരുമില്ല...
പണ്ടമ്മയുണ്ണിയെ തേടിവന്നെത്തിയ
മരതകക്കുന്നും മലഞ്ചെരിവും
മാന്തിപ്പറിച്ചു തിന്നലറുമെന്ത്രത്തിന്റെ
ഭ്രാന്തുപിടിപ്പിക്കുമൊച്ചമാത്രം..
പാട്ടിലേക്കോടിക്കയറി പൂതം
പേടിച്ചുതുറിക്കിടപ്പിലായി...



**കെ.കെ.ഭാരതി.**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

# ആകാശത്തിന്റെ നിറം

"നീയെന്താ ഇങ്ങനെ മുഖം വീർപ്പിച്ചോണ്ടിരിക്കണേ..? ഒന്ന് തെളിഞ്ഞൂടേ?

മോളൂട്ടി കാത്തിരിക്കാൻ തുടങ്ങീട്ട് നേരമെത്രയായീന്നോ? നിന്റെയൊരു ഗമ...! ഇത്ര്യയ്ക്ക് പാടില്ല്യ...

ആ നെറം എനിയ്ക്കൊന്ന് കാട്ടിത്തന്നൂടേ? സ്കൂള് തൊറന്ന്ട്ട് ഇത്രേം ദെവസായിട്ടും ഞാൻ കണ്ടില്ല്യ..."

ഒറ്റയ്ക്കാവുമ്പോ പൂക്കളോടും കിളികളോടും മരങ്ങളോടും കാറ്റിനോടും എന്തിന് ആകാശത്തോടും വർത്തമാനങ്ങള് പറയും മോളൂട്ടി.

"ആകാശത്തിന്നെന്തുനിറം?

"ആഹാ! നല്ല നീലനിറം! " വനജട്ടീച്ചറുടെ പാട്ട് കേട്ടപ്പോൾ മുതൽ തുടങ്ങിയതാ മോളൂട്ടിയ്ക്ക് ആഗ്രഹം...

"കരിക്കലത്ത്മ്മേല് നോക്ക്യേപോലെണ്ട്ന്ന്...."

രാവിലെ നോക്ക്യേപ്പോ ആകെ നെരച്ച്ട്ടേർന്ന്... കാപ്പിലെ മുത്തശ്ശിപോലെ... ഉച്ച്യായപ്പഴയ്ക്ക് പൊക പിടിക്കാൻ തൊടങ്ങീ....

ഇരുമ്പ് കമ്പനീടെ പൊകക്കുഴല് തുപ്പി നെറച്ച് വയ്ക്കല്ലേ; മാനം മുഴുക്കെ...

കഴിഞ്ഞ ദെവസം കൊഴിഞ്ഞമ്പാറടെ മീതെ വേലപ്പേട്ടന്റെ ചെമ്മരിയാട്ടിൻ കൂട്ടങ്ങള് മാനത്ത് എന്തൊക്ക്യോ തെരഞ്ഞങ്ങനെ നടക്കണ കണ്ടു.

"എന്തായാലും മാനം ആർക്കും പിടികൊടുക്കാത്തൊരു അത്ഭുതന്ന്യാ... മോളൂന്റമ്മേപോലെ..."

ആകാശത്തിലേക്ക് ചൂണ്ടിക്കാട്ടി അന്നൊരിക്കൽ അച്ഛൻ പറഞ്ഞു.

അമ്മേം കാണിച്ചു തന്നു, അമ്പും വില്ലും



**ഒറ്റയ്ക്കാവുമ്പോ പൂക്കളോടും കിളികളോടും മരങ്ങളോടും കാറ്റിനോടും എന്തിന് ആകാശത്തോടും വർത്തമാനങ്ങള് പറയും മോളൂട്ടി.**



പിടിച്ച് പോണ പട്ടാളക്കാരനെ.

മോളൂട്ടിടെ അച്ഛനെ പോലെ അല്ലേ ന്നും ചോദിച്ചു.

സിംഹം വായ പൊളിച്ചു നിൽക്കണത് ശരിക്കും ഇന്നലെ കണ്ടതല്ലേ..!

അതിനടുത്ത് തപസ്സ് ചെയ്യണ ഒരു മഹർഷീം... എന്തെന്തെല്ലാം തങ്ങളാ!

പെരുമഴ പെയ്യണേന്റെ തൊട്ടുമുമ്പ് മിനിഞ്ഞാന്ന് രാരല്ലൂര് മലേന്റെ മോളില് ആനക്കൂട്ടം മദമിളകി പായേർന്ന്..!

അപ്പഴും നീലാകാശം കാണാനിരിക്ക്ണ മോളൂട്ട്യോട് അമ്മ പറഞ്ഞു: "തെളിഞ്ഞ പകലിലേ നീലാകാശം കാണാൻ പറ്റുള്ളൂ... മഴക്കാറ്ള്ളപ്പോ കാണില്ല്യ കുട്ട്യേ..."

പക്ഷേങ്കി...

നാളെ തിങ്കളാഴ്ച.

"വനജടീച്ചറോട് ചോദിച്ചുനോക്കണം. ടീച്ചറ് പറഞ്ഞാ മോളൂട്ടിയ്ക്ക് വിശ്വാസാ.."

"ഇര്ട്ടാവ്ണ്ട്... മോള് അകത്തുകയറ്..." അമ്മേടെ ശബ്ദം മാറീട്ട്ണ്ട്....

പിന്നേം അവളങ്ങനെ നോക്കിയിരുന്നു.

കാടിളക്കിവരുന്ന ആനക്കൂട്ടങ്ങൾ..!! അല്ല ആകാശം നിറയെ കരിമ്പാറകൾ...

ഓടിയോടി അവ കൂട്ടത്തോടെ താഴേയ്ക്കിറങ്ങുന്നു. വീട്ടിലിരുന്നാൽ അകലെയല്ലാതെ കാണാവുന്ന 'കങ്കാണി മല'യുടെ അടിവാരത്തേക്ക് കുതിക്കുന്നു. ഒരു പുഴ തന്നെ കുത്തിയൊഴുകി വരുന്നു താഴേക്ക്...

കയ്യിൽ തടഞ്ഞതൊക്കെ അത് വാരിയെടുക്കുന്നുണ്ട്....


മലയിലൊരു പുത്തൻ ചെമ്മൺപാത!

"കങ്കാണിമല പൊട്ടി..."–അവൾക്ക് ഉറക്കെ പറയണമെന്നുണ്ടായിരുന്നു.

ഒച്ച ഉള്ളിലെവിടെയോ തങ്ങി.

പുറത്തിറങ്ങിവന്ന അമ്മ അവളേയും കോരിയെടുത്ത് ടെറസിലേക്ക് ഓടിക്കയറി.

✷





## അമ്മ

**ഋതുദേവ്,** നാലാം തരം,
നരിക്കുന്ന് യു.പി.സ്കൂൾ, വടകര,
എടച്ചേരി, കോഴിക്കോട്.

അമ്മ ചിരിക്കും നേരത്ത്
മാനം തിളങ്ങി ചിരിക്കുന്നു
അമ്മ കരയും നേരത്ത്
മാനം കറുത്തു കരയുന്നു

ചിത്രീകരണം : **കനിമൊഴി ടി,**
6 സി, സെന്റ് പോൾസ് ഹയർസെക്കന്ററി സ്കൂൾ, തേഞ്ഞിപ്പലം, കാലിക്കറ്റ് യൂണിവേഴ്സിറ്റി, മലപ്പുറം.



## മഴ

**ആത്മിക അനൂപ്,** ഒന്നാം തരം, നരിക്കുന്ന് യു.പി.സ്കൂൾ,
എടച്ചേരി, വടകര, കോഴിക്കോട്.

മഴ മഴ മഴ മഴ മഴ വന്നു
കുട്ടികൾ കണ്ടു കുട ചൂടി
ണ്ടും ണ്ടും ണ്ടും ണ്ടും ഇടി വെട്ടി
കുട്ടികൾ കണ്ടു പേടിച്ചു
മുറ്റം നിറയെ മഴവെള്ളം
മുറ്റം നിറയെ കളിവള്ളം

ചിത്രീകരണം : **കൃത്തിക്,**
1 എ, എ എം എ എൽ പി എസ്, കുറ്റിപ്പള്ളം, പാലക്കാട്.

ഞാറ്റടി നിങ്ങളുടെ സ്വന്തം പേജുകളാണ്. നിങ്ങളുടേത് മാത്രമായ രചനകൾ അയയ്ക്കൂ.
വിലാസം: ഞാറ്റടി, യുറീക്ക, ചാലപ്പുറം, കോഴിക്കോട്–673002. വാട്സ് ആപ്: 9497172919.

# കണിക്കൊന്ന

**നിവേദ്യ.പി.കെ,** നരിക്കുന്ന് യു.പി.സ്കൂൾ, എടച്ചേരി,
വടകര, കോഴിക്കോട്.



മഞ്ഞയുടുപ്പിട്ട്
മാമരക്കൊമ്പത്ത്
ഊഞ്ഞാലാടും
തങ്കക്കുട്
മഞ്ഞക്കസവുകൾ
നെയ്തതാരോ
പൊന്നിൻ മണിവള
തന്നതാരോ
തേനീച്ചക്കൊട്ടാരം
പോലെയാണേ
കണ്ണിനുമാനന്ദം
ഏറെയാണേ

ചിത്രീകരണം : **കനിമൊഴി ടി,**
6 സി, സെന്റ് പോൾസ് ഹയർസെക്കന്ററി സ്കൂൾ, തേഞ്ഞിപ്പലം, കാലിക്കറ്റ് യൂണിവേഴ്സിറ്റി,
മലപ്പുറം.


## യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി
### വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം
www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന്
ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

സ്കാൻ ചെയ്യൂ, വരിക്കാരാകൂ

വാർഷിക വരിസംഖ്യ

**യുറീക്ക**– ₹ 300 **ശാസ്ത്രകേരളം**– ₹ 200 **ശാസ്ത്രഗതി**– ₹ 200

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com



ശ്യാമിലി നാരായണൻ

ചിത്രീകരണം: കെ.സതീഷ്




# ഗുരുത്വാകർഷണത്തിന്റെ ഓരോരോ കളികളേ..

അക്വേറിയത്തിൽ നിന്ന് ഒരു ഗപ്പി വാലിളക്കാതെ ചരിഞ്ഞ് ധ്യാനഭാവത്തിൽ മുഖം കൂർപ്പിച്ച് പൊങ്ങി വരുന്നതുപോലെ മൂട്ടിൽ ചുമല കളറുള്ള എന്റെ വിമാനം ആകാശത്തിലേക്ക് പൊങ്ങി വരികയായിരുന്നേ. അന്നെന്തോ ആ വിമാനത്തിൽ തിരക്കു കുറവായിരുന്നു. ഞാനും താടിവച്ച ഒരപ്പൂപ്പനും മാത്രേ ഉള്ളാരുന്നു.  കാലിഡോസ്കോപ്പിലെന്ന പോലെ ഭൂമി. ഉറുമ്പുകൾ അരിച്ചു നടക്കുന്നു. നിറയെ ഗിൽറ്റ് പിടിപ്പിച്ച ഉടുപ്പുകൾ, അരപ്പട്ട, മിന്നുന്ന നെറ്റിച്ചുട്ടി പരത്തി വിരിച്ചു അഴലിൽ ഉണക്കാനിട്ടിരിക്കുന്നു. ഭയങ്കര വെളിച്ചം.



ഞാൻ ജനാലയിലൂടെ കൈനീട്ടി, കുറച്ച് വെളുത്ത മേഘങ്ങളെ കൈനീട്ടിയെടുത്ത് ബാഗിൽ വച്ചു. ഇനിയൽപ്പം കറുത്ത മേഘങ്ങൾ വേണം. തെളിവുകൾ വേണ്ടേ, തെളിവുകൾ. അല്ലെങ്കിൽ ഞാൻ വിമാനത്തിൽ കയറിയ കാര്യം വീട്ടിലെ പട്ടിക്കുഞ്ഞുപോലും വിശ്വസിക്കത്തില്ല.

റോ.. പെട്ടെന്നതാ മഴ പെയ്തു. വിമാനത്തിലെ ഉത്തരത്തിലെ വിടവിലൂടെ മഴത്തുള്ളി മുഖത്തേക്കൊലിക്കുന്നു. പരിശുദ്ധമായ മഴവെള്ളം. തണുപ്പിൽ മുഖം ചുളിഞ്ഞു. എന്നാലും തെളിവല്ലേയീ ഒലിച്ചിറങ്ങുന്നത്, തെളിവ്. ഞാൻ ബാഗിൽ കുപ്പിയെടുക്കാൻ തിരഞ്ഞു. അയ്യേ, ഈ വെള്ളത്തിനെന്താ



ഇങ്ങനത്തെ രുചി. ബേ..
ഉപ്പുരുചി

ചപ്പാത്തി കുഴക്കുന്ന ഉപ്പുവെള്ളം. അയ്യയ്യേ, കൊടും ക്രൂരത.

കോളേജ് പൂട്ടി പുലർച്ചത്തെ ട്രെയിനിറങ്ങി ഞാൻ ചത്തു കിടന്നുറങ്ങായിരുന്നു എന്ന സത്യം വല്ലാത്ത ഒരു ശബ്ദത്തോടെ തലച്ചോറിലേക്ക് ക്രാഷ് ലാന്റ് ചെയ്തു. ദുഃഖത്തിന്റെ കരിമ്പടം ഞാൻ തലക്കുമുകളിലേക്ക് വലിച്ചിട്ടു.

**കോളേജ് പൂട്ടി പുലർച്ചത്തെ ട്രെയിനിറങ്ങി ഞാൻ ചത്തു കിടന്നുറങ്ങായിരുന്നു എന്ന സത്യം വല്ലാത്ത ഒരു ശബ്ദത്തോടെ തലച്ചോറിലേക്ക് ക്രാഷ് ലാന്റ് ചെയ്തു.**

അയ്യോ, എന്റെ ഹൃദയം വേദനിക്കുന്നു. ചേച്ചിയുടെ ഇളയ കുരിപ്പ് ഇപ്പോൾ നെഞ്ചത്താണ്. ചിറ്റേ എണീക്ക് കിളികളൊക്കെ എണീറ്റല്ലോ..

എനിക്ക് കണ്ണിൽ ഇരുട്ടുകേറി. ചതി, തേനിൽ മുക്കിയ ചതി.

ചിറ്റക്ക് ഇപ്പോൾ എണീക്കാൻ കഴിയും ന്ന് തോന്ന്ണില്ല മോളേ..

അയെന്താ ചിറ്റേ..?

ഗുരുത്വാകർഷണം ഇപ്പൊ കൂടുതലല്ലേ. ചിറ്റ നിലത്തല്ലേ കിടന്നത്. തീരെ കഴിയുന്നില്ല. ഈ ഗുരുത്വാകർഷണം ഇച്ചിരി കുറയട്ടെ അപ്പം, എണീക്കാം. തുമ്പിമോൾ ചെല്ല്. കാര്യത്തിന്റെ സീരിയസ്നസ്സ് മനസ്സിലാക്കി അവൾ എണീച്ചു പോയി.


യെസ്, ഗുരുത്വാകർഷണം ഏറ്റു!

കാഴ്ചപ്പുറം

സുരഭിവചന

**ദിനാചരണം**

**മാർച്ച് 24 – ലോക ക്ഷയരോഗദിനം**








# ക്ഷയര
# തുരത്ത

1992 മുതൽ എല്ലാവർഷവും മാർച്ച് 24 ക്ഷയരോഗദിനമായി ലോകാരോഗ്യസംഘടന ആചരിക്കുന്നു. ഇതൊരു പകർച്ചവ്യാധിയാണെങ്കിലും ചികിത്സിച്ച് ഭേദമാക്കാവുന്ന രോഗമാണ്. പ്രധാനമായും മൈക്കോബാക്റ്റീരിയം ട്യൂബർകുലോസിസ് ബാക്ടീരിയയുടെ അണുബാധമൂലമാണ് ഇതുണ്ടാകുന്നത്. ടി.ബി. (Tubercle Bacillus) എന്ന ചുരുക്കക്ഷരത്തിലും ഇതറിയപ്പെടുന്നു.

ലോകാരോഗ്യസംഘടനയുടെ 2015 ലെ കണക്ക് പ്രകാരം ലോകമാകെ 15 വയസ്സിനു താഴെയുള്ള ലക്ഷക്കണക്കിനു കുട്ടികളെ ടി.ബി.ബാധിക്കുന്നുണ്ട്. ഓരോ വർഷവും ഒരു ലക്ഷത്തിലേറെ കുട്ടികൾ ക്ഷയരോഗം മൂലം മരണമടയുകയും ചെയ്യുന്നു. ശരിയായ ബോധവൽക്കരണവും ചികിത്സയും ക്ഷയരോഗത്തിന് ഇനിയും ആവശ്യമാണ്.

## കുട്ടികളും ക്ഷയവും

കേരളത്തിൽ കുട്ടികളിൽ ടി.ബി. കുറഞ്ഞുവരുന്നതായാണ് കണക്കുകൾ. കുട്ടികളിലെ ക്ഷയരോഗത്തെക്കുറിച്ചുള്ള അറിവില്ലായ്മയും, രോഗം നിർണയിക്കുന്നതിലും തുടർന്നുള്ള ചികിത്സകളിലും ശിശുരോഗവിദഗ്ധരുടെ പരിശീലനക്കുറവും, ലോകത്താകെ കുട്ടികളിൽ ഈ രോഗം പടരാൻ കാരണമാവുന്നു. കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തുക, രോഗം പടർത്തുന്ന കേസുകൾ കണ്ടെത്തി ചികിത്സിക്കുക എന്നിവ തുടർന്നാൽ ക്ഷയരോഗം വളരെവേഗം തടയാം. ആരോഗ്യമുള്ള തലമുറയെ വളർത്തിയെടുക്കാം.









**കാലാവസ്ഥ**



## തീ... തീ... കാട്ടുതീ...

കാലാവസ്ഥയെക്കുറിച്ച് ലോകമെമ്പാടും ചർച്ച നടക്കുകയാണ്. പ്രകൃതിയുടെ നാശം നമ്മുടെ കാലാവസ്ഥയെ ആകെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണെന്ന് ശാസ്ത്രലോകം മുന്നറിയിപ്പ് തന്നുകൊണ്ടേയിരിക്കുന്നു. ഈ സമയത്ത് ഇതാ മറ്റൊരു വാർത്തകൂടി. അതു കാട്ടുതീയെക്കുറിച്ചും കാലാവസ്ഥയെക്കുറിച്ചുമാണ്.

കാട്ടുതീ എന്ന് പറയാൻ എളുപ്പമാണ്. അത് അനുഭവിക്കുമ്പോഴേ അതിന്റെ രൂക്ഷത മനസ്സിലാവൂ. ആമസോൺ കത്തിയപ്പോഴുംആസ്ട്രേലിയയിൽ കാട്ടുതീ പടർന്നപ്പോഴും കാട്ടുതീയെക്കുറിച്ച് നിങ്ങൾ കൂടുതൽ അറിഞ്ഞിരിക്കും. ഇതെല്ലാം ആ രാജ്യങ്ങളിലെ കാലാവസ്ഥയെ തന്നെ മാറ്റിമറിച്ചുകൊണ്ടിരിക്കുകയാണ്.

കൂടിക്കൊണ്ടിരിക്കുന്ന ചൂടാണ് കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്നത്. കാലാവസ്ഥ മാറുന്നതിനൊപ്പം കാട്ടുതീ അതതു പ്രദേശങ്ങളിലെ പരിസ്ഥിതി പ്രശ്നങ്ങളും സാമ്പത്തിക പ്രശ്നങ്ങളും രൂക്ഷമാക്കുകയും ചെയ്യുന്നു. വനങ്ങളിലെ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥകൾ തകിടംമറിയും. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ കണക്ക് അനുസരിച്ച് നമ്മുടെ വനമേഖലയുടെ പകുതിയിലധികവും കാട്ടുതീ ബാധിത പ്രദേശങ്ങൾ ആണെന്നാണ്. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.

**ജലം**



## വെള്ളത്തിന്റെ വില

ഇന്റർനാഷണൽ വാട്ടർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു പഠനം കേട്ടോളൂ. ലോകജനസംഖ്യയുടെ നാലിലൊന്ന് പേർക്ക് ശുദ്ധജലം കിട്ടാനില്ല. അത്രമാത്രം ഭീകരമാണ് ശുദ്ധജലക്ഷാമം. ഇന്ത്യയുൾപ്പെടെ 50 രാഷ്ട്രങ്ങളിലായി, ലോകത്ത് ഏതാണ്ട് 320 കോടി ജനങ്ങളെയാണ് ഇത് ബാധിക്കാൻ പോവുന്നത്. ഇന്ന് ലോക ജനസംഖ്യയിൽ 110 കോടി പേർക്ക് ശുദ്ധജലം കിട്ടാനില്ലെന്ന് ഐക്യരാഷ്ട്രസഭ റിപ്പോർട്ട് ചെയ്യുന്നു. ചില രാജ്യങ്ങളിലെ ജനങ്ങൾ അവരുടെ വരുമാനത്തിന്റെ 10 ശതമാനവും കുടിവെള്ളത്തിനു വേണ്ടിയാണ് ചെലവഴിക്കുന്നതെന്നും റിപ്പോർട്ടിലുണ്ട്. ഓരോ തുള്ളി വെള്ളവും അതിന്റെ വിലയറിഞ്ഞ് നമുക്ക് ചെലവഴിക്കാം.

**വനം**

## വനവും കേരളവും

1905 ൽ കേരളത്തിന്റെ വനവിസ്തൃതി 44 ശതമാനമായിരുന്നു. ഇന്നത് വെറും 11 ശതമാനമാണ്. മനുഷ്യന്റെ കാട്ടിലേക്കുള്ള കടന്നുകയറ്റം തന്നെയാണ് കേരളത്തിലെ കാടുകളെ നാശോന്മുഖമാക്കിയത്. ഉള്ള വനങ്ങൾ ഇന്ന് സംരക്ഷിക്കുന്നത് കേരള വനം–വന്യജീവി വകുപ്പാണ്. അവർ സംരക്ഷിക്കുന്ന വനമേഖലയെ സംരക്ഷിത വനം, നിർദിഷ്ട – സംരക്ഷിത വനം, നിക്ഷിപ്തവനം, പരിസ്ഥിതി ദുർബലപ്രദേശങ്ങൾ എന്നിങ്ങനെ നാലായി തിരിച്ചിട്ടുണ്ട്.നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വനഭൂമിയുള്ളത് ഇടുക്കി ജില്ലയിലാണ്.

ഓർമ യുറീക്ക@50

**യുറീക്ക പ്രസിദ്ധീകരണത്തിന്റെ അമ്പതാം വർഷത്തിലേക്ക് പ്രവേശിച്ചു. പിന്നിട്ട വർഷങ്ങളിലെ ചില മികച്ച രചനകൾ വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ്. ഈ സന്തോഷവേളയിൽ. 2000 ജൂലൈ ലക്കത്തിൽ വൈക്കം മുഹമ്മദ് ബഷീറിനെക്കുറിച്ച് അദ്ദേഹത്തിന്റെ മകൾ ഷാഹിന എഴുതിയത് കാണൂ.**

# എന്റെ പ്രിയപ്പെട്ട റ്റാറ്റ

**ഷാഹിന ഹബീബ്**

ചിത്രീകരണം: അരവിന്ദ് വട്ടംകുളം

നിങ്ങൾ 'ആനപ്പൂട' എന്ന കഥ വായിച്ചിട്ടുണ്ടോ? കൂട്ടുകാരി രാധാമണിക്ക് കൊടുക്കാൻ ആനവാലിനായി, ആറ്റിൽ കളിപ്പിച്ചുകൊണ്ടിരുന്ന ഒരു ആനയുടെ വാൽ ബഷീർ ഊരിയെടുക്കാൻ ശ്രമിച്ചതും ആന വിരണ്ടോടിയതുമായ രസകരമായ കഥ.

കൊച്ചു ബഷീറിന് പുസ്തകത്തിൽ വെക്കാൻ മയിൽപ്പീലിത്തണ്ട് കൊടുത്തിരുന്നത് രാധാമണിയാണ്. പകരം അവൾ ചോദിച്ചത് ഒരാനവാൽ! ആനവാലിന് ബഷീർ പറഞ്ഞിരുന്നത് 'ആനപ്പൂട'യെന്നാണ്. അങ്ങനെ 'ആനപ്പൂട'യെന്ന കളിപ്പേര് ബഷീറിനു വീണു.



ഈ കഥ എഴുതിയത് വൈക്കം മുഹമ്മദ് ബഷീറാണ്. എന്റെ പിതാവ്. ഞാനദ്ദേഹത്തെ 'റ്റാറ്റ' എന്നാണ് വിളിച്ചിരുന്നത്.

ഏതൊരു പെൺകുട്ടിയേയും പോലെ കൊത്തംകല്ലു കളിച്ചും ഒളിച്ചുകളിച്ചും മഴയത്തു നനഞ്ഞും കഴിഞ്ഞ ഒരു ബാല്യകാലമായിരുന്നു എന്റേതും. പക്ഷേ, വീട്ടിൽ കൂടെ കളിക്കാൻ ആളില്ലെന്ന സങ്കടം വല്ലാതെ എന്നെ അലട്ടിയിരുന്നു. അയൽപ്പക്കങ്ങളിലെ കൂട്ടുകാർ വന്നാൽ കളിക്കാം. ബാക്കിയുള്ള സമയങ്ങളിലെല്ലാം 'കൈസുക്കുട്ടി' എന്ന പൂച്ചയെ കളിപ്പിച്ചും 'ഷാൻ' എന്ന നായക്കുട്ടിയുടെ കളികൾ നോക്കിനിന്നും സമയം കളയും. കൂടെ കളിക്കാൻ ആളില്ല എന്ന എന്റെ സങ്കടത്തെപ്പറ്റി, എന്നെ കഥാപാത്രമാക്കി എഴുതിയ, നോവലാണ് 'മാന്ത്രികപ്പൂച്ച്'. ആ കഥയിൽ റ്റാറ്റയും മ്മച്ചിയും ഞാനും വീട്ടിൽ സുഖമായി കഴിയുന്നു. നോവലിന്റെ തുടക്കത്തിൽത്തന്നെ ഒരു സന്ന്യാസിയെപ്പറ്റി പറയുമ്പോൾ റ്റാറ്റ എന്നെ പരിചയപ്പെടുത്തുന്നുണ്ട്.

"പീപ്പിളി വിച്ച്ണ മിസ്കീൻ എന്നാണ് അഞ്ചര വയസ്സായ എന്റെ മോൾ ഷാഹിന അദ്ദേഹത്തെപ്പറ്റി പറയാറുള്ളത്."

ഞാൻ തീവണ്ടിയെ 'നീളംബണ്ടി' എന്നു വിളിക്കുന്നതും എന്റെ ചില സ്വഭാവവിശേഷങ്ങളും കഥയിൽ സൂചിപ്പിക്കുന്നുണ്ട്. വിശ്വസാഹിത്യം രചിക്കുന്ന ബഷീറിനോട് കളിക്കാൻ വരാൻ ഞാൻ ആവശ്യപ്പെടുന്ന ഒരു രംഗം മാന്ത്രികപ്പൂച്ചയിൽ ഉണ്ട്.

"റ്റാറ്റ എന്ന് സങ്കടത്തോടെ വിളിച്ചുകൊണ്ട് മോൾ ഷാഹിന എന്റെ അടുത്തുവന്നു.... മോൾക്ക് കളിക്കാൻ കൂട്ടുകാരില്ല... സൗകര്യമുള്ളപ്പോഴൊക്കെ മോളുടമ്മച്ചിയും ഈയുള്ളവനും മോളുടെ കളികളിൽ പങ്കുചേരും."

കൊച്ചുന്നാളിൽ ഞാനും എന്റെ കൂട്ടുകാരും ചേർന്ന് ഒരു ബാലമാസികയ്ക്കുവേണ്ടി റ്റാറ്റയെ ഇന്റർവ്യൂ ചെയ്തിരുന്നു. 'വത്ത' എന്ന വിളിക്കുന്ന വത്സലകുമാരി, ശിവൻ, ബാബു എന്നിവരായിരുന്നു കൂട്ടുകാർ. ഈ അഭിമുഖത്തിന്റെ കാര്യം പറഞ്ഞപ്പോൾ റ്റാറ്റ ആദ്യം ചോദിച്ചത് 'എനിക്കെന്ത് പ്രതിഫലം തരും' എന്നായിരുന്നു.



അന്ന് ആകെക്കൂടി ഞങ്ങളുടെ കൈയിൽ മമ്മച്ചി തന്നിരുന്ന ഒരു പരിപ്പുവട മാത്രമാണുണ്ടായിരുന്നത്. ആ പരിപ്പുവട പ്രതിഫലമായി കൊടുത്താണ് ആ അഭിമുഖം സാധിച്ചെടുത്തത്.

“കൊച്ചുങ്ങളോട് പ്രതിഫലം ചോദിക്കാമോ” എന്ന് മമ്മച്ചി ചോദിച്ചു.

“എന്റെ സമയത്തിനു വിലയുണ്ട്. എന്റെ സമയത്തിന്റെ പ്രതിഫലം കൊണ്ടാണല്ലോ മമ്മച്ചിക്കും മോൾക്കും ചോറും സാരിയും ഉടുപ്പും പുസ്തകങ്ങളും മേടിക്കുന്നത്.” എന്നായിരുന്നു റ്റാറ്റയുടെ മറുപടി.

അഞ്ചര വയസ്സുകാരിയായ എന്നെ സമയത്തിന്റെ വിലയെന്താണെന്ന് പരിപ്പുവടയിലൂടെ റ്റാറ്റ പഠിപ്പിച്ചതായിരിക്കും, ല്ലേ?

അന്ന് ഞങ്ങൾ ചോദിച്ച ഒരു ചോദ്യത്തിന് “കുട്ടികളുടെ മാസിക ഒരുപാടുണ്ട്. പക്ഷേ, മാതാപിതാക്കളില്ലാത്ത അനാഥരായ വൃദ്ധജനങ്ങളെ ആശ്വസിപ്പിക്കാനായി ഒരു മാസിക വേണം” എന്നു റ്റാറ്റ പറഞ്ഞു. ആരൊക്കെയാണ് ആ വൃദ്ധജനങ്ങളെന്നോ? ശ്രീ.കേശവദേവ്, ജോസഫ് മുണ്ടശ്ശേരി... ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട്, ഇന്ദിരാഗാന്ധി... തുടങ്ങിയവർ!

മുതിർന്നവർക്ക് സങ്കടം വരുമെന്നോ അവരെ ആശ്വസിപ്പിക്കണമെന്നോ അന്നെനിക്ക് അറിയില്ലായിരുന്നു. വലുതായാൽ ദുഃഖം, കരച്ചിൽ ഇവയൊന്നും ഉപദ്രവിക്കില്ല എന്നായിരുന്നു എന്റെ ധാരണ.


പക്ഷേ, റ്റാറ്റ പറഞ്ഞതായിരുന്നു ശരി. എല്ലാവർക്കും ദുഃഖവും വേദനയും കരച്ചിലും പ്രത്യാശകളുമുണ്ട്. മുതിർന്നപ്പോൾ അതെല്ലാം എനിക്ക് സ്വയമറിയാനായി. അനുഭവങ്ങൾ നമ്മളെ പല പാഠങ്ങളും പഠിപ്പിക്കുന്നു. പ്രപഞ്ചത്തിലെ സർവചരാചരങ്ങൾക്കും മനുഷ്യരോടൊപ്പം തന്നെ പ്രാധാന്യമുണ്ടെന്ന് അവയുടെ സ്വാതന്ത്ര്യം അംഗീകരിച്ചുകൊണ്ട് പല കഥകളിലുമായി റ്റാറ്റ എഴുതിയിട്ടുണ്ട്. വിശ്വസാഹിത്യം എന്നത് വിശ്വത്തിന്റെ മൂലയിൽ ഇരുന്ന് എഴുതുന്നതാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. 'ആനപ്പൂട'യായാലും 'മാന്ത്രികപ്പൂച്ച' യായാലും 'ബാല്യകാലസഖി'യായാലും വിശ്വത്തിന്റെ മൂലയിലിരുന്ന് അദ്ദേഹമെഴുതിയ ജീവിതാനുഭവങ്ങളാണ്. ജീവിതത്തിൽനിന്നും അന്യമായ ഒന്നല്ല സാഹിത്യം എന്ന് ബഷീർ എഴുത്തിലൂടെ തെളിയിച്ചു.

ഈ വിശ്വസാഹിത്യരചനയിൽ എന്നെക്കൂടി പങ്കാളിയാക്കാൻ ശ്രമിച്ചതിനെ, ഒരച്ഛൻ മകൾക്കു നൽകിയ വലിയ അംഗീകാരമായി ഞാൻ വിലമതിക്കുന്നു. ആ അച്ഛനൊന്നിച്ച് ബാല്യം കഴിക്കാൻ സാധിച്ചത് എന്റെ ഭാഗ്യമാണ്. ജീവിതത്തെക്കുറിച്ച് എനിക്ക് ഉൾക്കാഴ്ച ഉണ്ടാക്കിത്തന്നത് എന്റെ റ്റാറ്റയാണ്.

പദപ്രശ്നം പൂരിപ്പിച്ച് പേരും വിലാസവും എഴുതിയശേഷം ഫോട്ടോ എടുത്ത് ടെലഗ്രാം/ വാട്സപ്പ്/അയയ്ക്കുക (ഏതെങ്കിലും ഒന്നിലയച്ചാൽ മതി).

: 9497172919

ഈ ലക്കം പദപ്രശ്നം എൽ പി കുട്ടുകാർക്ക്




## 5 പേർക്ക് സമ്മാനങ്ങൾ...

**പദപ്രശ്നം കിട്ടേണ്ട അവസാന തീയ്യതി : മാർച്ച് 25, 2020**

### താഴോട്ട്


1. ഈ സ്ഥലം മലയാളികൾ ഓർക്കുന്നത് പാൽപ്പായസത്തിന്റെ പേരിലാണ്.
2. ശരീരത്തിനെ ഇങ്ങനെ പറയാം. മരം മുറിച്ചാൽ കിട്ടുന്നത് ഇതാണ്.
3. പിന്നിൽനിന്ന് വിളിക്കുന്നത്.
6. ഒരു സ്ത്രീനാമം.

### വലത്തോട്ട്

1. മാനത്തെ ചന്തിരാണേ.
3. അരിപ്പൊടിയും തേങ്ങയും ചേർത്ത് ഉണ്ടാക്കുന്ന ഒരു നാടൻ ഭക്ഷണ വിഭവം. കൈയിൽ ഒതുക്കുന്നത്.
4. രാമായണത്തിൽ രാമന്റെ സഹോദരൻ.
5. ഉദരത്തിൽ വളരുന്ന ഒരു തരം പുഴു.
7. വിനയമല്ലാതെ മറ്റെന്ത്?

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

3/ 2020




പേര് : ..........................................................

ക്ലാസ് :..........................................................

സ്കൂൾ വിലാസം :.........................................

..........................................................................

പോസ്റ്റ് :..........................................................

ജില്ല :..............................................................

ഫോൺ :............................................................

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

## പദപ്രശ്നം – ഫിബ്രവരി 16 ഉത്തരവും വിജയികളും

| | | | | | | |
|---|---|---|---|---|---|---|
| 1 ക | ട | 2 ല | | 3 വ | രി | 4 ക |
| ലി | | 5 വ | ലി | യ | | മാ |
| 6 ക | 7 ര | ണം | | 8 ല | 9 യ | നം |
| | ജ | | 10 അ | | യാ | |
| 11 മാ | നി | 12 നി | | 13 മൃ | തി | 14 ര |
| യാ | | 15 ന | വ | ത | | ഹി |
| 16 വി | ള | വ് | | 17 ല | ളി | തം |

**പ്രഭാത് എസ്,** 5 ാം തരം,
മുതുവന യു.പി.സ്കൂൾ, മണിയൂർ,
മുതുവന പി.ഒ., കോഴിക്കോട്.

**പൗർണമി എം,** 4 ബി, ശ്രീശങ്കര വിദ്യാപീഠം,
സീനിയർ സെക്കന്ററി സ്കൂൾ മട്ടന്നൂർ,
പി.ഒ. മട്ടന്നൂർ, കണ്ണൂർ.

**ദർശക് എസ്,** 4 ാം തരം, എസ്.എൻ.കെ.യു.
പി.സ്കൂൾ, വെമ്പല്ലൂർ, വെമ്പല്ലൂർ പി.ഒ, തൃശ്ശൂർ.

**ശ്രീരാം എം.എം.,** 7 ബി, മൗണ്ട് കാർമൽ
ഹൈസ്കൂൾ, പി.ഒ. ജെല്ലിപ്പാറ, മാമന,
അഗളി, പാലക്കാട് 678581.

**നിരഞ്ജന എം.പി.,** 6 ഇ, എ.എം.യു.പി.എസ്.
പുത്തൂർമഠം പി.ഒ., പന്തീരാങ്കാവ്,
കോഴിക്കോട് – 673 019.

# കടലകൊണ്ട്...



**ജനുവരി 1 ലക്കത്തിൽ 'തട്ടീം മുട്ടീം' പംക്തിയിൽ കപ്പലണ്ടികൊണ്ട് നിങ്ങൾക്ക് ഉണ്ടാക്കാവുന്ന പുതിയ വിഭവങ്ങൾ അയച്ചുതരൂ എന്ന് ആവശ്യപ്പെട്ടിരുന്നല്ലോ.**

**കൂട്ടുകാർ ധാരാളം വിഭവങ്ങൾ അയച്ചുതന്നു.**

**നബീല എ.കെയുടെ റൊട്ടിക്കടലയും ബിൻഷ എൻ.പിയുടെ അടക്കടലയും അഞ്ജലി എസ്സിന്റെ കപ്പലണ്ടിപ്പായസവും നന്നായി.**

**ഏറെ വ്യത്യസ്തമായ കടലപ്പത്തിരി എന്ന വിഭവം ഇവിടെ പരിചയപ്പെടുത്തട്ടെ.**

**കൂട്ടുകാർ ഉണ്ടാക്കി നോക്കണേ.**

## കടലപ്പത്തിരി

### ആവശ്യമായ സാധനങ്ങൾ:

അരിപ്പൊടി – 200 ഗ്രാം
കടലപ്പൊടി – 200 ഗ്രാം
കപ്പലണ്ടി – 50 ഗ്രാം
(വേണമെങ്കിൽ അൽപ്പം അപ്പക്കാരവും ചേർക്കാം)

### തയ്യാറാക്കുന്ന വിധം:

അരിപ്പൊടിയും കടലപ്പൊടിയും കൂടി നന്നായി കുഴയ്ക്കുക. അതിൽ തൊലികളഞ്ഞ വറുത്ത കപ്പലണ്ടിയും ചേർക്കുക. കയ്യിൽ പറ്റാതെ നിൽക്കാൻ ഇടയ്ക്കിടയ്ക്ക് വെള്ളം കൂട്ടി കുഴയ്ക്കാം. വേണമെങ്കിൽ അൽപ്പം അപ്പക്കാരം ഇടാം. പിന്നീട് കുഴച്ച ഉണ്ടകൾ പ്രസ്സിൽ വെച്ച് അമർത്തുക. പത്തിരിപോലെ പരന്നുകിട്ടും. അത് പത്തിരിക്ക



ല്ല് ചൂടാക്കി പൊള്ളിച്ചെടുത്താൽ പത്തിരി റെഡി.

**അൽഫാസ് ഹസ്സൻ വി,** വായോളിമഠത്തിൽ പറമ്പ്,
പെരുമണ്ണ പി.ഒ., പന്തീരാങ്കാവ്, കോഴിക്കോട് – 673 019






പതിനേഴാം വെല്ലുവിളി

# കണ്ടുപിടിത്തം

**പി രാധാകൃഷ്ണൻ ആലുവീട്ടിൽ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

ഇന്ന് നമ്മുടെ വാനമ്പാടിക്കെന്തുപറ്റി?

അമ്മയുടെ ചോദ്യം കേട്ട് പത്രവായന നിർത്തി അച്ഛൻ തലയുയർത്തി നോക്കി. ഞായറാഴ്ച്ചയായിട്ടും രാവിലെ മുതൽ നിമിഷ മൗനവ്രതത്തിലാണ്. അച്ഛൻ നിമിഷയുടെ അടുത്തേക്ക് ചെന്നു. തലയിൽ മെല്ലെ തലോടി.

പോയി മുഖം കഴുകി വാ, നമുക്ക് കുറച്ച് നടന്ന് വരാം.

നിമിഷ അച്ഛനൊപ്പം മുറ്റത്തിറങ്ങി. അവർ വയലിലേക്ക് നടക്കാൻ തുടങ്ങി.

അച്ഛൻ ചിരിക്കില്ല എന്ന് ഉറപ്പുതന്നാൽ എനിക്ക് ചിലത് പറയാനുണ്ട്. നിമിഷ പതുക്കെ പറഞ്ഞു തുടങ്ങി.

ചിരി വരുന്ന കാര്യം പറഞ്ഞാൽ ചിരിക്കും. നീ കാര്യം പറ മോളേ. അച്ഛൻ അവൾക്ക് ധൈര്യം നൽകി.

എനിക്ക് പുതിയ എന്തെങ്കിലും കണ്ടുപിടിക്കണം. നിമിഷ അച്ഛനെ നോക്കി.

ഇതിലെന്താ ചിരിക്കാനുള്ളത്? തല പുകയ്ക്കാനുള്ളതല്ലേ? ശരി, നീ എന്താണ് കണ്ടുപിടിക്കാൻ പോകുന്നത്? കേൾക്കട്ടെ.. അച്ഛനവളെ ചേർത്തുപിടിച്ചു.

അതറിയില്ല അച്ഛാ. സ്കൂളിൽ ഞങ്ങൾക്കൊരു ചെറിയ ഗ്രൂപ്പുണ്ട്.

ഉച്ചയ്ക്ക് ഭക്ഷണശേഷം ഞങ്ങൾ ബദാം മരത്തിന്റെ ചുവട്ടിൽ ഒത്തുകൂടും. ആരെങ്കിലും ഒരാൾ ഒരു വിഷയം അവതരിപ്പിക്കും. താൽപര്യമുള്ളവർ കേട്ടിരിക്കും. ചോദ്യങ്ങളും ചോദിക്കാം.

ആഹാ! അതു കൊള്ളാലോ! ഇതുവരെ എന്തെല്ലാം അവതരിപ്പിച്ചു?

തമോഗർത്തങ്ങൾ, ഭാവിയിലെ വാഹനങ്ങൾ, അങ്ങനെ പലതും. ഒരു ദിവസം ഋത്വിക് പറഞ്ഞു ഭാവിയിൽ വീടുകളിൽ വയറിംഗ് ഒന്നും വേണ്ടി വരില്ല എന്ന്. അത് തർക്കത്തിൽ പെട്ട് കുറെ ദിവസം നീണ്ടു നിന്നു. അൻവിത വിട്ടു കൊടുത്തില്ല. അവളുടെ ഉപ്പ വയറിംഗ് ജോലിയാണ് ചെയ്യുന്നത്. മാത്രമല്ല ഇലക്ട്രിക് ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിൽ മിടുക്കിയാണവൾ. പക്ഷേ, വയറുകളുടെ സഹായമില്ലാതെ തന്നെ ടി വി യും ഫ്രിഡ്ജും പ്രവർത്തിപ്പിക്കാനാകുമെന്ന് അവൾക്ക് അംഗീകരിക്കാൻ കഴിയുന്നില്ല.

എന്നിട്ട് എങ്ങനെ പരിഹരിച്ചു?

പരിഹരിച്ചതൊന്നും ഇല്ല. ഋത്വിക്കിന്റെ ചരിത്രവും ശാസ്ത്രപുരോഗതിയും ചേർന്നുള്ള വർത്തമാനത്തിൽ ഞങ്ങൾ ഒന്നും പറയാനാവാതെ തരിച്ചിരുന്നു. അത്ര തന്നെ.

ശരി ഇനി നമ്മുടെ വിഷയത്തിലേക്ക് വാ, നിനക്ക് എന്താ വേണ്ടത്?

എനിക്ക് അവതരിപ്പിക്കാൻ ഒരു പുതിയ സംഭവം വേണം. ഇതു വരെ ആരും കണ്ടിട്ടില്ലാത്തത്! കേട്ടിട്ടില്ലാത്തത്!! നിമിഷ പ്രതീക്ഷയോടെ അച്ഛനെ നോക്കി.

കുഴക്കുന്ന പ്രശ്നമാണല്ലോ? എന്നാലും നോക്കാം. അച്ഛൻ ചിരിച്ചു.

**അറിയിപ്പ്**

ജനുവരി മാസം നടന്ന ആവിഷ്കാരം: കുട്ടികളുടെ രചനാപൂരത്തിന്റെ ഫലപ്രഖ്യാപനം മധ്യവേനൽ അവധി കഴിഞ്ഞേ ഉണ്ടാവൂ.

**എഡിറ്റർ**



കഴിഞ്ഞ 100 വർഷം കൊണ്ട് മനുഷ്യൻ അതുവരെ കണ്ടുപിടിച്ചതിനേക്കാൾ നൂറ് ഇരട്ടി കണ്ടെത്തലുകൾ നടത്തിയിട്ടുണ്ടാവും, കൂടുതലും നിലവിലുള്ളതിന്റെ പുതുക്കലും മെച്ചപ്പെടുത്തലുമാണ്.

ഒന്ന് നിർത്തി അൽപ്പംആലോചിച്ച് അച്ഛൻ തുടർന്നു. നമ്മുടെ ചിന്ത ഭക്ഷണത്തെ പറ്റിയായാലോ?

ഭക്ഷണത്തെ പറ്റിയോ? നിമിഷയുടെ മുഖത്ത് സംശയം നിഴലിച്ചു.

അതെ, ഭക്ഷണം തന്നെ; അച്ഛൻ വിശദീകരിച്ചു.

എല്ലാ ദിവസവും നമ്മൾ ഭക്ഷണം കഴിക്കുന്നു. എന്തെല്ലാം വിഭവങ്ങളാണ്... ഹോട്ടലിൽ പോയാൽ പുതിയ പുതിയ ചില വിഭവങ്ങളുടെ പേരുകൾ കേൾക്കാറുണ്ടല്ലോ. പുതിയ ഒരു വിഭവം ഉണ്ടാക്കാൻ അവരെന്താവും ചെയ്യുന്നുണ്ടാവുക? ഒരു പുതിയ ഒരു ഭക്ഷണ വിഭവം ഉണ്ടാക്കണം. അതാവട്ടെ നീ അവതരിപ്പിക്കുന്ന വിഷയം. എന്താ?അച്ഛൻ നിമിഷയെ നോക്കി.

നമ്മൾ പറയുന്നതൊക്കെ ലോകത്ത് ആരെങ്കിലും മുമ്പ് കണ്ടുപിടിച്ചിട്ടുണ്ടാവും ത്രെ...

നടത്തം നിർത്തി നിമിഷ സങ്കടത്തോടെ പറഞ്ഞു.

അതൊന്നും കാര്യമാക്കണ്ട. അത് നമുക്ക് പുതിയതായാൽ മതി. നമ്മുടെ കണ്ടെത്തൽ ആ പ്രദേശത്തും കാലത്തും പുതിയതാണെങ്കിൽ കണ്ടെത്തുന്നതിലെ ആനന്ദം നമുക്ക് കിട്ടും. അതാണ് പ്രധാനം. ഉദാഹരണത്തിന് ചക്ക ഉപയോഗിച്ചുള്ള എത്ര വിഭവങ്ങൾ ഉണ്ട്? മുഴുവൻ നീ പരിചയപ്പെട്ടിട്ടുണ്ടോ? നമുക്ക് പുതിയതാവണം അതുമതി.

പുതിയ ഒരു വിഭവം ഉണ്ടാക്കണം, അഞ്ച് ദിവസം വരെ എടുക്കാം. അച്ഛൻ പറഞ്ഞു നിർത്തി.

പറഞ്ഞ് പറഞ്ഞ് ഇത് സുക്കർമാമന്റെ വെല്ലുവിളിയായി മാറിയോ? നിമിഷ അച്ഛനെ അത്ഭുതത്തോടെ നോക്കി. അച്ഛൻ അവളെ നോക്കി പൊട്ടിച്ചിരിച്ചു.

പിന്നെ അവളുടെ കയ്യും പിടിച്ച് വീട്ടിലേക്ക് തിരികെ നടക്കാൻ തുടങ്ങി.

അതെ; ഇതുതന്നെയാണ് പുതിയ വെല്ലുവിളി. ഇതുവരെ കഴിച്ചിട്ടില്ലാത്ത പുതിയ ഒരു വിഭവം വീട്ടിലെല്ലാവരും ചേർന്ന് ഉണ്ടാക്കൂ. രുചിച്ച് നോക്കി നല്ലതാണെങ്കിൽ പാചകക്കുറിപ്പും ചിത്രങ്ങളും പങ്കിടൂ. എന്താ, തയ്യാറല്ലേ?



## തട്ടീം മുട്ടീം

# പച്ചമുന്തിരി പുളിയച്ചാർ

**മുന്തിരി അച്ചാർ കഴിച്ചിട്ടുണ്ടോ?
അതും നല്ല പുളിക്കുന്ന
പച്ചമുന്തിരി അച്ചാർ.
ഇല്ലെങ്കിൽ ഉണ്ടാക്കി കഴിച്ചു നോക്കൂ.**

**ഷിനോര** ചിത്രീകരണം: കെ.സതീഷ്

നീണ്ട് ഉരുണ്ടതും ഉരുണ്ടുരുണ്ടതുമായ മുന്തിരികൾ കണ്ടുമുട്ടി.

പരസ്പരം ചിരിച്ചു. കൈ കൊടുത്തു. പിന്നെയാണ് അവർക്ക് ഓട്ടമത്സരം വയ്ക്കാൻ തോന്നിയത്.

നീണ്ട് ഉരുണ്ട പച്ചമുന്തിരികൾ പറഞ്ഞു.

"പണ്ടേ, ഞങ്ങൾ വലിയ ഓട്ടക്കാരും ഓട്ടക്കാരികളുമാണ്. വെറുതെ ഞങ്ങളോട് മത്സരിച്ച് തോറ്റ് തൊപ്പിയിടേണ്ട."

അപ്പോൾ ഉരുണ്ടുരുണ്ട റോസ് മുന്തിരികൾ പറഞ്ഞു.

"നിങ്ങളൊക്കെ ഈ നാട്ടിൽ വന്നിട്ടെത്ര നാളായെടോ."

"ഭൂമിയിൽ മുന്തിരിങ്ങ ഉണ്ടായ കാലത്തേ ഞങ്ങളല്ലേ ഇവിടുത്തെ വലിയ ഓട്ടക്കാർ."

എന്തായാലും അവർ എല്ലാവരും മത്സരത്തിന് തയ്യാറായി.

ഓട്ടം പൊടിപൊടിച്ചു. ഉരുണ്ടുരുണ്ട് ഉരുണ്ട് റോസ് മുന്തിരികൾ എത്രയോ മുന്നിലായിരുന്നു. പെട്ടെന്നാണ് വഴിയിൽ ഇറക്കം വന്നത്.

"ആരും ക്ലപ്പുകുത്തരുത്." മുന്നിലുള്ള റോസ് മുന്തിരികൾ കൂട്ടുകാരോട് വിളിച്ചു പറഞ്ഞു.

അവർ സാവധാനം സാവധാനം പിടിച്ചു പിടിച്ചു ഇറങ്ങാൻ തുടങ്ങി.

പുറകെ എത്തിയ നീണ്ടുരുണ്ട പച്ചമുന്തിരി പറഞ്ഞു:

"മക്കളേ... ഇതു തന്നെയാടാ അവസരം. ഒന്നും നോക്കാതെ കണ്ണുംചിമ്മി ചാടിക്കോ താഴോട്ട്. നമ്മൾ ജയിക്കും. ഉറപ്പ്."

പച്ചമുന്തിരി ഒന്നിനു പുറകെ ഒന്നൊന്നായി ചാടിക്കൊണ്ടേയിരുന്നു.





***

കുട്ടിക്ക് ഒന്നും മനസ്സിലായില്ല. പത്തിരുപത് മുന്തിരികൾ അതാ ആകാശത്ത് നിന്നോ ഭൂമിയിൽ നിന്നോ... എവിടെനിന്നെല്ലാമോ മുന്നിൽ വന്ന് വീണിരിക്കുന്നു.

എടുത്ത് കടിക്കാൻ നോക്കിയ കുട്ടിയോട് അമ്മ വിളിച്ചുപറഞ്ഞു:

"അയ്യോ... മോനേ... മുന്തിരി എടുക്കല്ലേ, കടിക്കല്ലേ അത് പുളിക്കും. ഈ പുളിക്കുന്ന പച്ച മുന്തിരികൊണ്ട് അമ്മ മോന് അച്ചാറിട്ടുതരാം."

അമ്മ ആ മുന്തിരിയെല്ലാം എടുത്ത് നന്നായി കഴുകി തുടച്ചുവച്ചു. എന്നിട്ടതിൽ ഉപ്പുവിതറി. ഒരു മണിക്കൂർ അങ്ങനെ തന്നെ വക്കാൻ തീരുമാനിച്ചു.

പിന്നെ ഒരു പാനിൽ എണ്ണ ചൂടാക്കി. കടുക് പൊട്ടിച്ച് ഒരു ചെറിയ കഷ്ണം ഇഞ്ചി കുനുകുനേ അരിഞ്ഞതും മൂന്നാല് അല്ലി വെളുത്തുള്ളി അരിഞ്ഞതും ചേർത്ത് വഴറ്റാൻ തുടങ്ങി.

അതിലേക്ക് തന്നെ ഒരു സ്പൂൺ മുളകുപൊടിയും അര സ്പൂൺ ഉലുവയും അര സ്പൂൺ കായപ്പൊടിയും ഇട്ട് ഇളക്കാൻ തുടങ്ങി.

അവസാനമാണ് മുന്തിരി ഉപ്പുവെള്ളത്തിൽ നിന്ന് എടുത്ത് വഴറ്റുന്നതിൽ ചേർത്തത്.

വഴറ്റി വഴറ്റി യോജിപ്പിക്കുന്നതിനൊപ്പം ഒരുടേബിൾസ്പൂൺ വിനാഗിരിയും അഞ്ചു പത്ത് കറിവേപ്പിലയും ആവശ്യത്തിന് ഉപ്പും അതിലിട്ട് വഴറ്റിയെടുത്തു.

"ചൂടു തണുക്കട്ടെ എന്നിട്ട് നമുക്ക് കുപ്പിയിലാക്കാം." അമ്മ പറഞ്ഞു.

അങ്ങനെയങ്ങനെ പച്ചമുന്തിരി അച്ചാർ കുപ്പിയിലാക്കി. അത് വീടിന്റെ കോലായിലെ തിണ്ണയിൽ കൊണ്ടുവച്ച് കുട്ടി ഒരു പാട്ടുപാടാൻ പോയി.

ഇന്നേരമാണ് റോസ് മുന്തിരികൾ ഉരുണ്ടുരുണ്ട് അതുവഴി ഓടിപ്പോയത്.

"ഛേ..." കുപ്പിയിലിരുന്ന നീണ്ടുരുണ്ട പച്ചമുന്തിരികളെല്ലാം തലയിൽ കൈ വച്ചു. പക്ഷേ, റോസ് മുന്തിരികളൊന്നും അതു കണ്ടില്ല.

കുട്ടിയുടെ പാട്ട് ഏകദേശം കഴിയാറായിരുന്നു. ഒപ്പം പച്ചമുന്തിരികളുടെ കഥയും.





**പ്രേമജ ഹരീന്ദ്രൻ**

**6**

ചിത്രീകരണം: റോഷൻ




ലൈലട്ടീച്ചർ വന്നുവിളിച്ചപ്പോഴാണ് സുപ്പു ഓർത്തത് എത്രയോ സമയമായി താൻ ഒരേ നിൽപ്പ് നിൽക്കുകയായിരുന്നുവെന്ന്. ഇപ്പോ എല്ലാരും പാടത്തെത്തിയിട്ടുണ്ടാവും.

പാടവരമ്പിലൊക്കെ നിറയെ വെള്ളക്കൊക്കുകളുണ്ടാവും പോലും ഈ സമയത്ത്. ഉമ്മ ഇന്നലെ രാത്രി കൊക്കിനെക്കുറിച്ച് ഒരു കടങ്കഥ പഠിപ്പിച്ചിരുന്നു. 'വയൽവരമ്പിലൊരു മോരിൻ കുപ്പി.' അത് ഇന്ന് എല്ലാ കൂട്ടുകാരോടും ടീച്ചറോട്ടുമൊക്കെ ചോദിച്ച് അത്ഭുതപ്പെടുത്തണമെന്ന് കരുതിയതാണ്. ഒന്നും നടന്നില്ല.

സുപ്പു നാലാംക്ലാസ്സിലെ ഏറ്റവും പിറകിലെ ബെഞ്ചിൽ പോയി ഇരുന്നു. അവന് മുഖമുയർത്താനേ തോന്നിയില്ല. ആരോടും ഒന്നും മിണ്ടാതെ ഡസ്കിൽ തലവെച്ച് കിടന്നു.

ഉച്ചയ്ക്ക് സുപ്പുവിനിഷ്ടപ്പെട്ട സാമ്പാറായിരുന്നു കറി. പക്ഷേ, വാങ്ങിയ ചോറു മുഴുവൻ ആരും കാണാതെ അവൻ കളഞ്ഞു. വൈകുന്നേരം വീട്ടിൽ പോയാൽ ഉമ്മയോട് എന്തു പറയുമെന്നോർത്തായിരുന്നു അവന് കൂടുതൽ വിഷമം. വയലിൽ എന്തൊക്കെ കണ്ടുവെന്ന് ചോദിച്ചാൽ പറയാനൊന്നുമില്ലല്ലോ.

നാലുമണിക്ക് സ്കൂൾ വിട്ടതും സുപ്പു ആരെയും കാത്തുനിൽക്കാതെ നടന്നു. വീട്ടിലേക്ക് തിരിയുന്ന വഴിയിലേക്കല്ല അവൻ നടന്നത്. പകരം നേരെ എതിർവഴിയിലേക്ക്. അതിലൂടെയാണ് വിലാസിനിട്ടീച്ചറും കുട്ടുകാരും രാവിലെ പോയത്. അതിലേ പോയാൽ വയലിലെത്താം, സുപ്പു കരുതി. പക്ഷേ, നടന്നിട്ടും നടന്നിട്ടും വയൽ കാണുന്നില്ല. തോടുമില്ല.

നേരം ഇരുട്ടാൻ തുടങ്ങി. സുപ്പുവിന് കുറേശ്ശേ പേടി തോന്നി. അവൻ വന്നവഴി തിരിച്ചു നടക്കാൻ തുടങ്ങി. നടക്കുകയല്ല ഓടുകയായിരുന്നു. നേരിയ ചാറ്റൽ മഴ.

വഴിവക്കിലെ വീടുകളിലൊക്കെ വിളക്കുകൾ തെളിയാൻ തുടങ്ങി. പെട്ടെന്ന് വഴി രണ്ടായി പിരിഞ്ഞു. ഇനി ഇടത്തേക്കോ വലത്തേക്കോ പോകേണ്ടത്? വരുമ്പോൾ ഇങ്ങനൊരു വഴി കണ്ടതേയില്ലല്ലോ. സുപ്പു ആകെ അന്ധാളിച്ചു.

"ഉമ്മാ..." അവൻ ഉറക്കെ കരഞ്ഞു. വഴിയരികിലെ വീട്ടിൽ നിന്ന് ഒരാൾ ഇറങ്ങി വന്നു.

"മോനേതാ? എന്തുപറ്റി? എങ്ങനെ ഇവിടെയെത്തി?"

സുപ്പുവിന്റെ സ്കൂൾയൂണിഫോം കണ്ട് അയാൾ തന്നത്താൻ അവന്റെ സ്കൂളിന്റെ പേര് പറഞ്ഞു.

"മോന്റെ പേരെന്താ?"

"സുപ്പു... അബു സുഫിയാൻ" അവൻ കരഞ്ഞുകൊണ്ടുതന്നെ മറുപടി പറഞ്ഞു.

അപ്പോഴേക്കും മൂന്നാലുപേർ കൂടി അവിടെ

**വയലുകാണാൻ ടീച്ചറ് ന്നെ കൊണ്ടുപോയില്ല. അപ്പോ ഞാൻ ഒറ്റയ്ക്ക് പോയി.**



യെത്തി. ആദ്യം വന്നയാൾ കീശയിൽ നിന്നും മൊബൈൽ ഫോണെടുത്ത് ആരെയോ വിളിച്ചു. അൽപ്പം കഴിഞ്ഞ് അയാൾ സുപ്പുവിന്റെ കൈ പിടിച്ചുകൊണ്ട് പറഞ്ഞു.

"മോൻ എന്റെ കൂടെ വാ. ഞാൻ വീട്ടിലാക്കാം."

വീട്ടിലെത്തുമ്പോഴേക്കും മുറ്റത്ത് ഒരാൾക്കൂട്ടം തന്നെയുണ്ടായിരുന്നു. ഉമ്മ കരയുന്ന ശബ്ദം കേൾക്കാം. സുപ്പു ഓടിച്ചെന്ന് ഉമ്മയെ കെട്ടിപ്പിടിച്ചു.

"ഉമ്മാ..."

രണ്ടുപേരും പൊട്ടിക്കരഞ്ഞു.

"ന്റെ മോൻ എവിടാർന്നു ഇത്ര നേരം? ഉമ്മാനെ തീ തീറ്റിക്കളഞ്ഞല്ലോ, കുട്ടീ.."

"അത് ഉമ്മാ വയലുകാണാൻ സീച്ചറ് ന്നെ കൊണ്ടുപോയില്ല. അപ്പോ ഞാൻ ഒറ്റയ്ക്ക് പോയി."

"ന്റെ മോനെ ഉമ്മ കൊണ്ടോവൂലാർന്നോ കണ്ണേ.."

ഉമ്മ അവനെ കെട്ടിപ്പിടിച്ച് നെറ്റിയിലും കവിളിലുമെല്ലാം ഉമ്മ വെച്ചു.

ആ സംഭവത്തിനുശേഷം സുപ്പു സ്കൂളിലേക്ക് പോയിട്ടേയില്ല. ഉമ്മ നിർബന്ധിക്കാറുമില്ല.

അവിടേക്കാണ് വീണ്ടും ചെല്ലാൻ ഉമ്മ പറയുന്നത്. "വേണ്ടുമ്മാ ഞാൻ പോവുന്നില്ല. ആ സീച്ചറുണ്ടാവും." സുപ്പു തീർത്തു പറഞ്ഞു.

"ഇല്ല മോനേ, ഉമ്മാടെ മോന് പഠിച്ചു വല്യ ആളാവണ്ടേ. ആ ടീച്ചറ് പറഞ്ഞപ്പോഴാ ഉമ്മയ്ക്ക് കാര്യങ്ങളെല്ലാം പിടികിട്ടിയത്. നാളെ മുതല് എന്റെ കുട്ടി സ്കൂളിൽ പോണം കേട്ടോ." മനസ്സില്ലാ മനസ്സോടെ സുപ്പു സമ്മതിച്ചു.

(തുടരും)

# ചെള്ള്



**വിചിത്ര അലാറമ്പിൽ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



ചെള്ളുകൾ
അങ്ങനെയാണ്
ചെറിയ ശരീരം
പന്തുപോലെ
ഉരുട്ടും.
ശാഠ്യബുദ്ധിയാൽ
തന്നിലേക്ക്
ചുരുങ്ങും.
ലോകത്തെ മുഴുവൻ
വെറുക്കും.
ചണ്ടിക്കുമ്പാരത്തിൽ
അന്തിയുറങ്ങും
ഏതെങ്കിലുമൊരു
സാധുവിന്റെ
ഒരു തുള്ളിച്ചോരയ്ക്ക്
കാത്തിരിക്കും
ഒടുവിൽ,
അള്ളിപ്പിടിച്ച്,
ചൊറിഞ്ഞ് മാന്തി
അന്യമാംസത്തിലേക്ക്
കടിച്ചു കയറും.

---

**തിരുത്ത്**

ഫെബ്രുവരി 16 ലക്കത്തിലെ കാഴ്ചപ്പുറം പംക്തിയിൽ സൗരപൂർവകണം എന്ന കുറിപ്പിൽ 7000 കോടി വർഷം, 2500 കോടി വർഷം എന്നുള്ളവ 700 കോടി വർഷം 250 കോടി വർഷം എന്ന് തിരുത്തി വായിക്കാനപേക്ഷ. തെറ്റുപറ്റിയതിൽ ഖേദിക്കുന്നു.

*പീക്കിരി.ഇൻ കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്.*
*മുതിർന്നവർ ഇത് ശ്രദ്ധിക്കുമല്ലോ.*

# ആരാണ്?

**പാപ്പച്ചൻ കടമക്കുടി**

ചിത്രീകരണം: രാജീവ് എൻ ടി

കൊമ്പുകുലുക്കി വമ്പുകൾ കാട്ടും
കമ്പക്കാരനിവൻ.
പുള്ളിക്കുപ്പായത്തിന്നുള്ളിലെ
പുള്ളിക്കാരനിവൻ.
തുള്ളിത്തുള്ളിനടക്കും നല്ലൊരു
തുള്ളക്കാരനിവൻ.

പുലിയെക്കണ്ടാലോടിയൊളിക്കും
പേടിത്തൊണ്ടനിവൻ.
പച്ചിലതിന്നു വിശപ്പുകെടുത്തും
പച്ചപ്പാവമിവൻ.
കൂട്ടം കൂടി നടക്കും, കാട്ടിലെ
ഓട്ടക്കാരനിവൻ.
ഓമന മുഖമോടിങ്ങനെ വരുമീ
ഓമലിതാരാണ്?




# കാടെവിടെ മക്കളേ...


**ഷിൻ ഷിൻ** ചിത്രീകരണം: രാജീവ് എൻ ടി



കാടെന്ന് പറയാൻ പറ്റില്ലെങ്കിലും അതൊരു കാടായിരുന്നു. ഇത്തിരിപ്പോന്ന കുറച്ച് മരങ്ങൾ. അവിടവിടെ കുറച്ച് കുറ്റിച്ചെടികൾ. ഒരു പൊന്തക്കാടും. ഇതെല്ലാം ചേർന്നാൽ കാടായി.




ഈ കുഞ്ഞിക്കാട്ടിലെ കുഞ്ഞിമരങ്ങളിലായിരുന്നു മഞ്ഞക്കിളികളും കൂട്ടുകാരും ചേക്കയിരുന്നത്.



മരത്തിലെ പഴങ്ങൾ കഴിച്ചും
പൂക്കളിലെ തേൻ നുകർന്നും
മണ്ണിലെ പ്രാണികളെ കൊത്തിത്തിന്നും
അപ്പൂപ്പനപ്പൂപ്പനപ്പൂപ്പൻ കാലത്തേ
അമ്മൂമ്മയമ്മൂമ്മയമ്മൂമ്മ കാലത്തേ
കിളികൾ ഈ കാട്ടിലായിരുന്നു.


കാട്ടുവെട്ടി കാട്ടുവെട്ടി
ചെറുതായെങ്കിലും പണ്ടുപണ്ട് ഈ കാട്
വലിയൊരു കാടായിരുന്നൂന്ന് കിളികൾ
കുഞ്ഞിക്കിളികളോട് പറഞ്ഞുകൊടുത്തു
കൊണ്ടേയിരുന്നു.






അങ്ങനെയാണ് ഒരു ദിവസം ആരോ
മരം പിടിച്ചുകുലുക്കിയത്.
കിളികൾ കണ്ണുതുറന്നു.

ഒരു കുറുനരിയും ഒരു കീരിയും അഞ്ചെട്ട്
തുരപ്പനെലികളും മരം കുലുക്കുകയാണ്.
"പാറിത്താഴേക്ക് വാ...."
അവർ പറഞ്ഞു.




“നിങ്ങൾ ഈ കാട്ടിലുള്ളവരാണോ?” പറന്നെത്തിയ കിളികളോട് കീരിയും കുറുനരിയും തുരപ്പനെലികളും ചോദിച്ചു. കിളികൾ അന്തംവിട്ടു പോയി. “കാട്ടിലുള്ളവരാണെങ്കിൽ തെളിവ് കാണിക്ക്. എന്നാലിവിടെ കഴിയാം.” അവർ പറഞ്ഞു.



പണ്ടുപണ്ടേ കിളിമുത്തശ്ശന്മാരും മുത്തശ്ശിമാരും ഇവിടെ കഴിഞ്ഞവരാ. അവർ കൂടുവച്ചതും ഇരതേടിയതുമായ പഴയ കഥകളൊക്കെ കിളികൾ പറഞ്ഞു. “ഈ കാടും മരങ്ങളും ഞങ്ങളുടേതു കൂടിയാ.” അവർ സങ്കടത്തോടെ പറഞ്ഞു.


“ആയ്ക്കോട്ടെ. അതിന് തെളിവ് കാണിക്ക്. ഈ കാട് ഞങ്ങൾ മൃഗങ്ങളുടേതാ.” അവർ തറപ്പിച്ചു പറഞ്ഞു. കിളികളൊക്കെ എങ്ങോട്ടെങ്കിലും പാറിപ്പോയ്ക്കോ...



കിളികളുടെ സങ്കടം കരച്ചിലായി. അവ തീറ്റതേടാതെയുമായി.

അങ്ങനെയാണ് ഒരു ദിവസം ബാക്കിയുള്ള മരങ്ങൾ കൂടി മുറിക്കാൻ മനുഷ്യരെത്തിയത്. കുറ്റിക്കാടും പൊന്തക്കാടും മണ്ണു മാന്തി തോണ്ടിയെടുത്തു.






കിളികൾക്ക് ചേക്കയിരിക്കാൻ തൽക്കാലം ഒരു ചെറുമരം കിട്ടി. കീരിയും കുറുനരിയും തുരപ്പൻമാരും ജീവനും കൊണ്ട് ഓടി ഒളിച്ചു.

കിളിമരവും പിഴുത് മനുഷ്യർ വലിയൊരു ഫ്ലാറ്റ് കെട്ടിപ്പൊക്കി. അതിനൊത്തമുകളിൽ കിളികൾ കൂട്ടുകൂട്ടി ചേക്കയിരുന്നു.





ആരും കിളികളോട് എവിടുത്തുകാരാണെന്ന് തെളിവ് ചോദിച്ചില്ല. അവർ സുഖമായി കഴിഞ്ഞു. ഇപ്പോൾ കീരിയെയും കുറുനരിയെയും കിളികൾ മറന്നുപോയിരിക്കുന്നു. എന്നാലും ആ കീരിയും കുറുനരിയും കൂട്ടരും ഇപ്പോൾ എവിടെയായിരിക്കും? പറയാമോ




**കത്തുകൾ അയയ്ക്കേണ്ട വിലാസം :**
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002
Telegram : 9497172919

# സ്വപ്നം; അല്ല ലക്ഷ്യം

യുറീക്കയിൽ നിന്നാണ് ഞാൻ സ്വപ്നം കാണാൻ പഠിച്ചത്. യുറീക്കയിലെ ലേഖനങ്ങൾ, കഥ, കുറിപ്പ്, നോവൽ, ഓർമ – യുറീക്ക@50, കവിത, ചിത്രകവിത ഇതിൽ നിന്നാണ് ഞാൻ ആദ്യമായി വിമാനങ്ങളെ സ്വപ്നം കാണാൻ തുടങ്ങിയത്. അവിടെനിന്ന് ബഹിരാകാശത്തെയും. എന്റെ ജീവിതത്തിലെ ലക്ഷ്യവുമതാണ്. അത് സാക്ഷാത്ക്കരിക്കാനുള്ള ശ്രമത്തിലാണ് ഞാൻ.




ഒരു ബഹിരാകാശയാത്രികയാകാൻ എന്തൊക്കെ സവിശേഷതകൾ വേണം?

ബഹിരാകാശത്തെക്കുറിച്ച് വിശദീകരിച്ചു തരുമോ? യുറീക്ക ഇത് പറഞ്ഞുതരണേ...

**അഞ്ജന എം.എ.**, 7 എ, എസ്.ഡി.പി.വൈ.കെ.പി.എം.എച്ച്.എസ്. എടവനക്കാട്, എറണാകുളം.

*(ബഹിരാകാശത്തെക്കുറിച്ച് അറിയാൻ യുറീക്ക അൽപകാലം മുമ്പ് പ്രസിദ്ധീകരിച്ച (2017 ഫെബ്രുവരി 16 ലക്കം) ബഹിരാകാശപ്പതിപ്പ് തേടിപ്പിടിച്ച് വായിക്കൂ...)*



# പഴയ കുട്ടിയുടെ പുതിയ കത്ത്

പ്രിയപ്പെട്ട യുറീക്ക മാമന്,

15 വർഷങ്ങൾക്ക് ശേഷമാണ് യുറീക്കയിലോട്ട് ഒരു കത്ത് എഴുതുന്നത്. ഒരു ഫെയ്സ്ബുക്ക് പേജിൽ നിന്നാണ് ഇ– മെയിൽ വിലാസം കിട്ടിയത്. ഒരു ഇ കോപ്പിയും കിട്ടി. കെട്ടിലും മട്ടിലും യുറീക്ക ഒരു പാട് മാറിയിരിക്കുന്നു. ഈ കത്ത് കോളത്തോട് ഇഷ്ടം തോന്നാൻ ഒരു കാരണമുണ്ട്. ആറാം ക്ലാസിൽ പഠിക്കുന്ന കാലത്ത്, പ്രിയ സുഹൃത്ത് നിതിനുമായിട്ടുള്ള ചെറു പിണക്കം മാറിയത്, അവൻ ഞങ്ങളുടെ സൗഹൃദത്തെ പറ്റി യുറീക്കയിലോട്ട് എഴുതിയ ഒരു കത്താണ്. ഇതൊക്കെ ഒരു ചെറു പുഞ്ചിരിയോടെ ഓർക്കുന്നു.

അന്നും ഇന്നും യുറീക്കയുടെ മേൽവിലാസം

e-mail: priyappettaeureke@gmail.com

# പ്രിയപ്പെട്ട ടീച്ചർ

എന്റെ ക്ലാസ്ടീച്ചറായ സൗമ്യടീച്ചറാണ് എന്റെ പ്രിയപ്പെട്ട ടീച്ചർ. ടീച്ചർ ബെയ്സിക് സയൻസ് പഠിപ്പിക്കാൻ തുടങ്ങിയതോടെയാണ് ഞാൻ സയൻസിനെ കൂടുതൽ സ്നേഹിക്കാൻ തുടങ്ങിയത്. ടീച്ചറുടെ ഇഷ്ടവിഷയമായിരുന്നു സയൻസ്. ടീച്ചറുടെ ക്ലാസിലിരിക്കുന്നത് എന്തു രസമാണ്.

**പവിത്ര സുരേഷ്,** 6 എ, ഗാർഡിയൻ എയ്ഞ്ചൽസ് യു.പി.സ്കൂൾ, മഞ്ഞുമ്മൽ, എറണാകുളം– 683501

കാണാപ്പാഠമാണ്. അക്കാലത്ത്, അതായത് 15 വർഷങ്ങൾക്ക് മുൻപ് പോസ്റ്റ് കാർഡുകളിൽ കവിതകൾ അയച്ച് അത് പ്രസിദ്ധീകരിച്ച് വരുന്നത് കാത്തിരിക്കുമായിരുന്നു. ഒന്നോ രണ്ടോ കവിതകൾ പ്രസിദ്ധീകരിച്ച് വന്നിരുന്നു. ആ കോപ്പികൾ നഷ്ടപ്പെട്ടു. പിന്നീട് എപ്പോഴോ ഗൗരവമായ എഴുത്തും വായനയും ഒക്കെ നിലച്ചു. എല്ലാം ഒന്ന് പൊടി തട്ടിയെടുത്ത് വീണ്ടും എഴുത്തിലേക്കും വായനയിലേക്കും വരണമെന്ന് തോന്നി. എന്റെ ആദ്യ കവിത പ്രസിദ്ധീകരിച്ച യുറീക്കയോട് പറഞ്ഞു തന്നെ തുടങ്ങാം എന്ന് തോന്നി. രാമകൃഷ്ണൻ കുമരനല്ലൂർ മാഷിന്റെ എഡിറ്റോറിയലുകളും എഴുത്തുകളും എന്നെ ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്.

എ ഡി പത്മാലയയുടെ പല്ലുവിന്റെ വിദേശയാത്ര, യതീന്ദ്രനാഥ് സാറിന്റെ അച്ചുവിന്റെ ധാതുലോകം എന്നിവയൊക്കെ ഏറെ ഇഷ്ടമായിരുന്നു. ഇവരോടൊക്കെ ഒരുപാട് ഇഷ്ടം. യുറീക്കയുടെ കുട്ടി വായനക്കാർക്ക് വേണ്ടി എന്തെങ്കിലുമൊക്കെ എഴുതണമെന്നുണ്ട്. ശ്രമിക്കണം. യുറീക്കയുടെ കൊച്ച് കുരുന്നുകൾക്ക് (നാളത്തെ പ്രതിഭകൾക്ക്) ഒരു പഴയ കുട്ടി വായനക്കാരനായ എന്റെ നൂറ് ഉമ്മകൾ.

അബ്ദുൽ റഹ്മാൻ ഒ. എം.,
ഓവിങ്ങൽ ഹൗസ്, തോട്ടകര പി ഒ, ഒറ്റപ്പാലം,
പാലക്കാട്, 679102.

*(യുറീക്കയെ ഇപ്പോഴും ഹൃദയത്തിൽ സൂക്ഷിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. എഴുതിനോക്കൂ... കൂട്ടുകാർക്കു വേണ്ടി എഴുതിനോക്കൂ...)*

## യുറീക്ക കാത്തിരിക്കുന്നു നിങ്ങളുടെ കത്തുകൾക്കായി...




**എന്തെല്ലാം വിശേഷങ്ങളുണ്ട് നിങ്ങൾക്ക് പറയുവാനായി. സ്കൂളിലെ വിശേഷങ്ങൾ, വീട്ടിൽ നടന്ന ചർച്ചകൾ, വഴിയരികിൽ കണ്ട കാഴ്ചകൾ, പത്രം വായിച്ചപ്പോൾ നിങ്ങൾക്ക് തോന്നിയത്, സിനിമ കണ്ടപ്പോൾ ചിന്തിച്ചത്, പുതുതായി വായിച്ച പുസ്തകം, പ്രിയപ്പെട്ട ടീച്ചറെക്കുറിച്ച്, നിങ്ങളെ കൊതിപ്പിച്ച ഭക്ഷണം...**
**യുറീക്കയോടല്ലെങ്കിൽ മറ്റാരുമായി നിങ്ങളിതൊക്കെ പങ്കുവെക്കും. ഒപ്പം യുറീക്കയിൽ വന്ന രചനകളെക്കുറിച്ചുള്ള അഭിപ്രായവും. ഇന്ന് തന്നെ എഴുതൂ, മാറ്റിവെക്കാതെ. രക്ഷിതാക്കളുടെ മൊബൈൽ ഫോണിൽ നിന്ന് മെയിലായി അയയ്ക്കാമല്ലോ.**
**വിലാസം : priyappettaeureke@gmail.com**
**ടെലിഗ്രാം (telegram) ആപ്പ് ഇൻസ്റ്റാൾ ചെയ്താൽ 9495981919 എന്ന നമ്പറിലേയ്ക്ക് മെസേജ് ചെയ്യാം.**
**തപാലിലാണെങ്കിൽ യു–മെയിൽ, യുറീക്ക, ചാലപ്പുറം പിഒ, 673 002.**


**ഒറിഗാമി**

# ഡോഗാമി എന്ന നായ


അഭിൻ ആമിയെ വിളിക്കുക 'ഡോഗാമ്യേ' എന്നാണ്. ആമി നായയാണെങ്കിലും അഭീന്റെ കളിയാക്കൽ അതിന് നന്നായി അറിയാം. അങ്ങനെ ഇങ്ങനെ വിളിക്കുമ്പോഴൊക്കെ ആമി പിണങ്ങിപ്പോവും. പിണങ്ങിപ്പോവുന്ന ആമിയെ തിരിച്ചുകൊണ്ടുവരാൻ ഓരോ സൂത്രവിദ്യകളുണ്ട് അഭിനിന്. ഇത്തവണ അവനൊരു ആമിയെ തന്നെ ഉണ്ടാക്കി. അതും കടലാസുകൊണ്ട്. നമുക്കും ഒന്ന് ഉണ്ടാക്കി നോക്കിയാലോ. എന്നാ വര്വൂ. നമുക്കുണ്ടാക്കാം.

ഒരു സമചതുര കടലാസ് എടുത്ത് പകുതിയായി മടക്കുക






അടയാളം വരുന്ന വിധത്തിൽ ഇങ്ങനെ പകുതിയായി മടക്കണം.




കുത്തിട്ട ഭാഗങ്ങളിലൂടെ ഇരുവശങ്ങളും മടക്കുക.


ഇനി കുത്തിട്ട ഭാഗത്തിലൂടെ മുകളിലേക്ക് മടക്കുക



ശേഷം വന്ന ഭാഗവും മുമ്പ് ചെയ്തതുപോലെ മുകളിലേക്ക് മടക്കുക.



കണ്ണുകളും മൂക്കും വരയ്ക്കുന്നതോടെ നായ പൂർത്തിയായില്ലേ.



*കടപ്പാട്: അങ്കണവാടി പ്രവർത്തക പരിശീലന പരിപാടി കൈപ്പുസ്തകം, ഐ ആർ ടി സി*

**നിങ്ങളുടെ നായയ്ക്ക് നിറംകൊടുത്തു നോക്കൂ.**

Volume 41 No. 20 Eureka 2020 March 16, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.







ഇലയും ജലവും ചേർന്നേ
പരിപാലിപ്പു ജീവനെ.



ചിത്രവും കവിതയും :
വിശ്വൻ – 9207008943



Date of Publication : 09/3/2020 **EUREKA** Price : ₹ 17.00

ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20

License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20

Registered with the Newspaper Registrar of India under No:29524/78







Follow us on

ശീലമാക്കാം ...

FOOTWEAR & BACK PACKS ODYSSIA

CLASSMATE SHOES

SANDALS & BACKPACKS